# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പുറമേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2017-18

കേരള സംസ്ഥാന ഓഡിറ്റ് ജില്ലാ

ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

e-mail: dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.കെ.ഡി/പി. 11/2713/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഫോൺ-0495 2371012
ഇ-മെയിൽ:dokkd.ksad@kerala.gov.in

തീയ്യതി:30.01.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പുറമേരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :പുറമേരി ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുറമേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1.കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
3.കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.കെ.ഡി/പി. 11/2713/2018 തീയതി.30.01.2018

# കോഴിക്കോട് ജില്ലയിലെ പുറമേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കോഴിക്കോട് ജില്ലയിലെ പുറമേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 18.07.2017 മുതൽ 12.11.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ ഒരെണ്ണത്തിനും മറുപടി നല്കിയിട്ടില്ല. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സതീഷ് മാവേലി പുത്തൻവീട്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.11.2018 മുതൽ 29.11.2018 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ .ഗിരീശൻ പാറപ്പൊയിൽ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ .ശ്യാംജിത്ത് എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ .മനോഹരൻ എ.വി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ .ഡാനിഷ് എ.ഇസഡ് | ഓഡിറ്റർ |
| | ശ്രീ ജാസിർ സി.എം | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.അച്ചുതൻ .കെ | 01-4-17മുതൽ 31-03-18വരെ |
| സെക്രട്ടറി | ശ്രീ.പി.ടി പ്രസാദ്. സെക്രട്ടറി | 1/04/17 മുതൽ 19/06/17 വരെ |
| | ശ്രീ .വിജയകുമാർ സി. ഹെഡ് ക്ലാർക്ക് (ഇൻ ചാർജ്) | 19/06/17 മുതൽ 16/08/17 വരെ |
| | ശ്രീ .രാജൻ ടി. സെക്രട്ടറി | 16/08/17 മുതൽ 23/01/18 വരെ |
| | ശ്രീ.ചന്ദ്രൻ കെ. (അസിസ്റ്റന്റ് സെക്രട്ടറി) | 24/01/18 മുതൽ 28/01/18 വരെ<br>02/02/18 മുതൽ 19/02/18 വരെ |
| | ശ്രീമതി.എം.ആർ കൃഷ്ണകുമാരി, സെക്രട്ടറി | 29/01/18 മുതൽ 01/02/18 വരെ |
| | ശ്രീ.പ്രസന്നകുമാർ.കെ സെക്രട്ടറി | 20/2/18മുതൽ 31.03.18 വരെ |

<u>നിർവ്വഹണോദ്യാഗസ്ഥർ</u>

| | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.സിന്ധു പി.ജി | 01/04/17 മുതൽ 16/06/17 വരെ |
| | | ശ്രീ ചന്ദ്രൻ കെ | 24/06/17 മുതൽ 31/03/18 വരെ |
| 2 | വെറ്റിനറി സർജൻ | ഡോ.സിനി പി | 01-04-17 മുതൽ 14/06/17 വരെ |
| | | ഡോ. അമ്പിളി നാരായണൻ | 15/06/17മുതൽ 31/03/18 വരെ |
| 3 | മെഡിക്കൽ ഓഫീസർ (പി എച്ച്.സി) | ഡോ.സജിത് പ്രസാദ് ടി.വി | 01-4-17മുതൽ 31-03-18വരെ |
| 4 | ഐ സി ഡിഎസ്സ് സൂപ്പർവൈസർ | ശ്രീമതി. മാധവി പി | 01/04/17 മുതൽ 31/03/18 വരെ |
| 5 | വി ഇ ഒ | ശ്രീ. ബൈജു പി.പി | 01/04/17 മുതൽ 31/03/18 വരെ |
| 6 | കൃഷി ഓഫീസർ | ശ്രീമതി.എൽസ ഗെയിൽസ് | 01/04/17 മുതൽ 12/04/17 വരെ |
| | | ശ്രീമതി.അശ്വതി സി.എൻ | 09/05/17 മുതൽ 31/03/18 വരെ |

| | | | |
|---|---|---|---|
| 7 | അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. അജിത്ത്കുമാർ.വി | 01/04/17 മുതൽ 31/03/18 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം (എ.സി.ആർ. പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | ബജറ്റ് തയ്യാറാക്കിയതിൽ അപാകത | 2-1 |

| | | |
|---|---|---|
| 14 | ആഭ്യന്തര നിയന്ത്രണ സംവിധാനം - പോരായ്മകൾ പരിഹരിക്കേണ്ടതാണ്. | 2-2 |
| 15 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണയിച്ചതിൽ നഷ്ടം | 2-3 |
| 16 | തൊഴിൽ നികുതി അപാകതകൾ | 2-4 |
| 17 | നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നില്ല. | 2-5 |
| 18 | ബിൽഡിംഗ് പെർമിറ്റ് അപാകതകൾ | 2-6 |
| 19 | ഡി & ഒ ലൈസൻസ് അപാകതകൾ | 2-7 |
| 20 | വിവിധോദ്ദേശ്യങ്ങൾക്കുള്ള/സംയുക്ത പ്രോജക്ടുകൾക്കുള്ള ഫണ്ട് പരിപാലനത്തിൽ അപാകത | 2-8 |
| | ഭാഗം – 3 | |
| 21 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകളുടെ പരിശോധന – കണ്ടെത്തിയ അപാകതകൾ | 3-1 |
| 22 | വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകൾ - അപാകതകൾ | 3-2 |
| 23 | ക്ഷീര കർഷകർക്ക് മിൽക്ക് ഇൻസെന്റീവ്- ഗുണഭോക്താക്കൾക്ക് തുക നൽകിയതിന്റെ രേഖകൾ ഹാജരാക്കിയില്ല. ചെലവ് തുക 7,68,254/- രൂപ തടസ്സത്തിൽ വെക്കുന്നു. | 3-3 |
| 24 | പ്രോജക്ട് പത്രികയിൽ വിഭാവനം ചെയതതനുസരിച്ച് ഫണ്ട് വിനിയോഗം നടത്തുന്നില്ല. | 3-4 |

| | | |
|---|---|---|
| 25 | കിണർ റീച്ചാർജിംഗ് മോണിറ്ററിംഗ്, എസ്റ്റിമേറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. | 3-5 |
| 26 | നിർവ്വഹണ ഉദ്യോഗസ്ഥർ പദ്ധതി നിർവഹമവുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷിക്കുന്നില്ല. | 3-6 |
| 27 | ലോഗ് ബുക്ക് അപാകതകൾ | 3-7 |
| 28 | വാട്ടർടാപ്പ് സംയുക്ത പരിശോധന നടത്തിയില്ല. | 3-8 |
| 29 | തൊഴിൽരഹിത വേതനം | 3-9 |
| 30 | ജലനിധി പ്രവർത്തന പുരോഗതി | 3-10 |
| 31 | എം.ജി.എൻ.ആർ.ഇ.ജി.എസ് - അവലോകനം | 3-11 |
| | ഭാഗം - 4 | |
| 32 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 33 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 35 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 36 | സ്ഥിരനിക്ഷേപം | 4-5 |
| 37 | ഓഡിറ്റ് റിക്കവറി | 4-6 |
| 38 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 39 | ചാർജ്/സർചാർജ് നടപടി വിവരം. | 4-8 |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |

| | | |
|---|---|---|
| 41 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 42 | അനുബന്ധം - 1- ഓഡിറ്റ് സർട്ടിഫിക്കറ്റ് | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

30.03.2018 തീയതിയിലെ 150/16-17. തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2018 | 22.05.2018 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 29.06.2018 മുതൽ 03.07.2017 വരെ | കെ.എസ്.എ കെ.കെ.ഡി/ഇ2/ 1111/2018(57) തിയ്യതി-17.07.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 18025260 |
| വരവ് | 77606148 |

| | |
|---|---|
| ആകെ | 95631408 |
| ചെലവ് | 85413117 |
| നീക്കിയിരിപ്പ് | 10218291 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട് – ജനറൽ (ACR പ്രകാരം) | 0 | 12907000 | 12907000 | 10482200 | 2424800 |
| വികസന ഫണ്ട് – എസ്.സി.പി (ACR പ്രകാരം) | 0 | 1078341 | 1078341 | 486248 | 592093 |
| വികസന ഫണ്ട് - ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 6092000 | 6092000 | 4805787 | 1286213 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3210000 | 3210000 | 3210000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 6061974 | 6061974 | 3237196 | 2824778 |
| കെ.എൽ.എസ്. ജി.ഡി.പി (ACR പ്രകാരം) | | 0 | 2688558 | 2688558 | 1736091 | 952467 |
| സാക്ഷരത | | 203686 | 10184 | 231870 | 0 | 213870 |
| ദുരിതാശ്വാസനിധി | | 4813 | 241 | 5054 | 0 | 5054 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 17565 | 1111008 | 1128573 | 1108415 | 20158 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 0 | 23042000 | 23042000 | 23042000 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ‘ടോട്ടൽ സാനിറ്റേഷൻ | | 0 | 41500 | 41500 | 41500 | 0 |
| ഐ.സി.ഡി.എസ് പദ്ധതി | | 99133 | 671600 | 770733 | 205156 | 565577 |
| മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ | | 2719 | 101 | 2820 | 0 | 2820 |
| എം.പി.എൽ.എ.ഡി | | 138910 | 48100 | 187010 | 131753 | 55257 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| ജലനിധി | | 1149176 | 28779145 | 29928321 | 29542035 | 386286 |
| ശുചിത്വ മിഷൻ | | 228000 | 131827 | 359827 | 67813 | 292014 |
| മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ | | 0 | 608813 | 608813 | 184913 | 423900 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 1421250 | 1421250 | 913939 | 507311 |
| | ജില്ലാ പഞ്ചായത്ത് | 60000 | 891250 | 951250 | 466715 | 484535 |
| ബി ഫണ്ട്<br>തൊഴിൽ രഹിത വേതനം | | 0 | 79200 | 79200 | 79200 | 0 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | | 0 | 60000 | 60000 | 60000 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 9239000 | 9239000 | 0 | 9239000 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട്<br>പുറമേരി സർവ്വീസ് കോ-ഓ. ബാങ്ക് | 970802 | 9430815 | 10401617 | 7107480 | 4045026 |
| | കേരള ഗ്രാമീൺ ബാങ്ക് പുറമേരി | 1836881 | 1806502 | 3643383 | 2508416 | 1134967 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| | ട്രഷറി ടി.എസ്.ബി അക്കൗണ്ട് | 6518113 | 10037043 | 16555156 | 15848413 | 706743 |
| കനറ ബാങ്ക് ടി.എസ്.പി | | 247782 | 156833 | 404615 | 112601 | 292014 |
| എസ്.ബി.ടി പെൻഷൻ | | 2719 | 101 | 2820 | 0 | 2820 |
| എസ്.ബി.ടി ജലനിധി | | 8066773 | 33303333 | 41370106 | 36866273 | 4503833 |
| എസ്.ബി.ടിഎം.ജി. എൻ.ആർ.ഇ. ജി.എ | | 17565 | 1111008 | 1128573 | 1108415 | 20158 |
| ദുരിതാശ്വാസ നിധി-പുറമേരി കോ-ഓപ്പ.ബാങ്ക് | | 4813 | 241 | 5054 | 0 | 5054 |
| സാക്ഷരത – പുറമേരി കോ-ഓപ്പ.ബാങ്ക് | | 203686 | 10184 | 213870 | 0 | 213870 |
| എസ്.ബി.ടി എം.പി ഫണ്ട് | | 138910 | 48100 | 187010 | 131753 | 55257 |
| മറ്റിനം<br>ട്രഷറി സ്പെഷ്യൽ ടി.എസ്.ബി ജോയിന്റ് വെഞ്ച്വർ | | 0 | 2312500 | 2312500 | 2378975 | -66475 |
| എസ്.ബി.ടി ഇ-പേയ്മെന്റ് | | 17216 | 22754 | 39970 | 649 | 39321 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 166 | 64690261 | 93 | 28185995 | 7 | 66 | 56 |

ഓഡിറ്റ് വർഷത്തിൽ 6.46 കോടി രൂപ വകയിരുത്തി 53 സ്പിൽ ഓവർ ഉൾപ്പടെ 166 പ്രൊജക്ടുകൾക്ക് അംഗീകാരം വാങ്ങിയെങ്കിലും 100 പ്രൊജക്ടുകൾക്ക് മാത്രമാണ് പൂർണ്ണമായോ ഭാഗികമായോ തുക വിനിയോഗിച്ചത്. ഇതിനായി ആകെ 2.82 കോടി മാത്രമാണ് വിനിയോഗിക്കാനായത്. വിനിയോഗിക്കാൻ കഴിയാതെ വന്ന 3.64 കോടി രൂപയിൽ 1.53 കോടിരൂപ സർക്കാർ ഗ്രാന്റുകളായതിനാൽ സാമ്പത്തിക വർഷാവസാനം നഷ്ടപ്പെട്ടിരിക്കുകയാണ്. ആസൂത്രണത്തിലെ വീഴ്ച, സമയബന്ധിതമായി പ്രൊജക്ടുകൾ നടപ്പിലാക്കാതിരുന്നത് എന്നിവ പദ്ധതി നിർവ്വഹണത്തിലെ വീഴ്ചയും ആത്യന്തികമായി ഫണ്ട് നഷ്ടത്തിനും കാരണമായി. ഇത് സംബന്ധിച്ച വിശദാംശങ്ങൾ ഭാഗം 3 ലെ ബന്ധപ്പെട്ട ഖണ്ഡികകളിൽ വിശദമാക്കിയിട്ടുണ്ട്.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 17565 | 1111008 | 1128573 | 1108415 | 20158 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 23042000 | 23042000 | 23042000 | 0 |
| ആകെ | 17565 | 24153008 | 24170573 | 24150415 | 20158 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 79200 | 170 |
| കർഷകതൊഴിലാളി പെൻഷൻ | 8600700 | 722 |
| വിധവാപെൻഷൻ | 13551100 | 1156 |
| വാർദ്ധക്യകാലപെൻഷൻ | 16439900 | 1324 |
| വികലാംഗപെൻഷൻ | 3358200 | 296 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 335800 | 39 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 60000 | 2 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.11.2018 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10557/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തരനിയന്ത്രണം

സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം സംബന്ധിച്ച വിശദമായ പരാമർശം ഖണ്ഡിക 2-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 2.02.2018 | 01/2018 | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09.03.2006 മുതൽ 21.03.2006 വരെ | 1997-98 മുതൽ 2004-05 വരെ | എൽ.ബി.എ (എച്ച്.ക്യൂ) 111/8 എ-956/106 തീ. 03.05.2006 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ് തയ്യാറാക്കിയതിൽ അപാകത

ഗ്രാമ പഞ്ചായത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 30.3.17 തീയതിയിലെ 1/16-17 നമ്പർ തീരുമാനപ്രകാരം പാസാക്കിയിട്ടുണ്ട്. ബജറ്റ് വിശദമായി പരിശോധിച്ചതിൽ നിശ്ചിതമായ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടല്ല ഇത് പാസാക്കിയതെന്നും ഇതിന്റെ ഫലമായി ബജറ്റ് എസ്റ്റിമേറ്റ്, പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ്, യഥാർത്ഥ വരവ് ചെലവുകൾ എന്നിവ തമ്മിൽ വൻ അന്തരം നിലനില്ക്കുന്നു എന്നും വ്യക്തമായിട്ടുണ്ട്. വാർഷിക പദ്ധതി തയ്യാറാക്കി ഡി പി സി അംഗീകാരം വാങ്ങിയത് (31.5.17 നാണ് വാർഷിക പദ്ധതി അംഗീകരിച്ചത്)ബജറ്റ് പാസാക്കിയതിന് ശേഷമായ സാഹചര്യത്തിൽ, അംഗീകാരം കിട്ടിയ മുറയ്ക്ക് തന്നെ അനുസൃതമായ മാറ്റം ബജറ്റിൽ വരുത്തേണ്ടതായിരുന്നു. അപാകതകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

1) നടപടി ക്രമങ്ങളിലെ വീഴ്ച

കേരളപഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ -214, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഡ്ജറ്റ് മാനുവൽ എന്നിവ പ്രകാരം ബജറ്റ് തയ്യാറാക്കുമ്പോൾ ചുവടെ ചേർക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതായിരുന്നു.

(എ)ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തന്നാണ്ട വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകളും ബജറ്റ് വർഷത്തേക്കുള്ള പ്രൊപ്പോസലുകളും സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്.

(ബി)സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ ജനുവരി മാസം ആദ്യ വാരത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിക്കണം. ജനുവരി 15 നകം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ലഭിക്കണം.

(സി)ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ നിർദ്ദേശങ്ങൾ ചർച്ച ചെയ്ത് വരുമാന സ്രോതസ്സുകളുടെ അടിസ്ഥാനത്തിൽ കരട് ബജറ്റ് തയ്യാറാക്കുകയും ആവശ്യമെങ്കിൽ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരെയും ഉദ്യോഗസ്ഥരെയും ക്ഷണിക്കേണ്ടതുമാണ്.

(ഡി) എല്ലാ വർഷവും മാർച്ച് മാസത്തെ ആദ്യവാരത്തിന് മുമ്പായി സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് ഭരണസമിതിയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്.

(ഇ) തൊട്ടടുത്ത വർഷത്തേക്കുള്ള പദ്ധതികളുടെ വിവരങ്ങൾക്ക് പുറമെ ബജറ്റിൽ മുൻ വർഷത്തെ യഥാർത്ഥ ചെലവ് നടപ്പുവർഷത്തെ അസ്സലും പരിഷ്കരിച്ചതുമായ ബജറ്റ് എസ്റ്റിമേറ്റുകൾ എന്നിവ ഉൾപ്പെടുത്തേണ്ടതാണ്.

ബജറ്റ് തയ്യാറാക്കിയതുമായി ബന്ധപ്പെട്ട ഫയലുകളും രേഖകളും ആവശ്യപ്പെട്ടതിന് ലഭ്യമാക്കിയ ഫയലിൽ വിവിധ നിർവ്വഹണ ഉദ്യോഗർക്ക് ബജറ്റ് നിർദ്ദേശങ്ങൾ ക്ഷണിച്ചുകൊണ്ട് നല്കിയ കത്തിന്റെ പകർപ്പ് ഉണ്ടെങ്കിലും ( തീയതി 21.1.17), പി എച്ച് സി മെഡിക്കൽ ഓഫീസർ ഒഴികെ ആരും തന്നെ പ്രൊപ്പോസൽ നല്കിയതിന്റേയോ, സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങളുടേയോ വിവരങ്ങളൊന്നും തന്നെയില്ല. ഇതുകൊണ്ട് തന്നെ ക്രമ നം (ഇ) ഒഴികെയുള്ള നടപടിക്രമങ്ങൾ പാലിക്കാതെയാണ് സ്ഥാപനം ബജറ്റ് തയ്യാറാക്കി അംഗീകരിച്ചതെന്ന് വ്യക്തമാകുന്നു.

2)ബജററുമായി ബന്ധപ്പെട്ട വിവരങ്ങൾ ഏതൊക്കെ ഫോറത്തിൽ ശേഖരിക്കണമെന്നും ഏതു ഫോറത്തിൽ അവതരിപ്പിക്കണമെന്നും 2.12.2016 തീയതിയിലെ ജി.ഒ (ആർ.ടി) 3291/2016 LSGD നം ഉത്തരവു പ്രകാരം പ്രാബല്യത്തിൽ കൊണ്ടുവന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള ബജറ്റ് മാനുവലിൽ വ്യക്തമാക്കിയിട്ടുണ്ട്. സ്ഥാപനം ബജറ്റ് തയ്യാറാക്കിയത് നിശ്ചിത ഫോറത്തിലാണെങ്കിലും ഇതിനാവശ്യമായ വിവരങ്ങൾ നിശ്ചിത ഫോറങ്ങളിൽ (മെഡിക്കൽ ഓഫീസർ ഒഴികെ) ശേഖരിക്കപ്പെട്ടിട്ടില്ലെന്ന്

രേഖകളുടെ അഭാവത്തിൽ വ്യക്തമാകുന്നു .

3)ബജറ്റ് പ്രകാരം സ്ഥാപനത്തിന്റെ ആകെ പ്രതീക്ഷിത വരവ് 13.27 കോടി രൂപയും (0.26 കോടി മുന്നിരിപ്പ് ഉൾപ്പടെ) ചെലവ് 13.03 കോടിയുമായിരുന്നു. എന്നാൽ വാർഷിക കണക്കുകൾ പ്രകാരം ആകെ വരവ് 9.56 കോടിയും (മുന്നിരിപ്പ് ഉൾപ്പടെ) ചെലവ് 8.54 കോടിയുമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു. നിശ്ചിത നടപടിക്രമങ്ങളിലൂടെയല്ലാതെ ബജറ്റ് തയ്യാറാക്കിയതാണ് വൻ അന്തരത്തിന് കാരണമെന്ന് വ്യക്തമാണ്. ബജറ്റ് എസ്റ്റിമേറ്റ്, പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ്, യഥാർത്ഥ വരവ് ചെലവുകൾ എന്നിവ തമ്മിലുള്ള അന്തരത്തിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

<u>വരവുകൾ</u>

| ക്രമനം | ഇനം | ബജറ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ളത് | പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ളത് | വാർഷിക കണക്കുകൾ പ്രകാരമുള്ളത് |
|---|---|---|---|---|
| 1 | മുന്നിരിപ്പ് | 2622637 | 7582322 | 18025260 |
| 2 | നികുതി വരവ് | 3630000 | 3776500 | 4694710 |
| 3 | നികുതിയേതിര റവന്യൂ വരവ് | 780222 | 1057867 | 1080237 |
| 4 | ജനറൽ പർപ്പസ് ഗ്രാന്റ് | 8800000 | 9239292 | 9239000 |
| 5 | പ്ലാൻ ,നോൺ പ്ലാൻ വരവുകൾ | 116879000 | 43404750 | 59327449 |
| 6 | മറ്റു വരവുകൾ (ഋണശീർഷം ഉൾപ്പടെ) | -- | -- | 3264752 |
| 7 | ആകെ | 132711859 | 65060731 | 95631408 |

<u>ചെലവുകൾ</u>

| ക്രമനം | ഇനം | ബജറ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ളത് | പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ളത് | വാർഷിക കണക്കുകൾ പ്രകാരമുള്ളത് |
|---|---|---|---|---|
| 1 | അനിവാര്യ ചുമതലകൾക്കുള്ള ചെലവുകൾ | 10190000 | 11429813 | 5189846 |
| 2 | റവന്യൂ ഗ്രാന്റിൽ നിന്നുള്ള പദ്ധതി ചെലവുകൾ | 77004000 | 5273989 | 17897484 |
| 3 | റവന്യൂ ഗ്രാന്റിൽ നിന്നുള്ള പദ്ധതിയേതിര ചെലവുകൾ | 38000000 | 21705749 | 240239 |
| 4 | മൂലധന ചെലവുകൾ വായ്പ തിരിച്ചടവ് | 500000 | 100000 | 198976 |
| 5 | മറ്റ് മൂലധന ചെലവുകൾ | 4600000 | 3621000 | -- |
| 5 | ആകെ ചെലവുകൾ | 130294000 | 42130551 | 85413117 |
| 6 | നീക്കിയിരിപ്പ് | 2417859 | 22930180 | 10218291 |

വരവിന്റെയും ചെലവിന്റെയും കാര്യത്തിൽ ബജറ്റ് എസ്റ്റിമേറ്റ്, പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ്, യഥാർത്ഥ വരവ് ചെലവുകൾ എന്നിവ തമ്മിലുള്ള മേല്പറഞ്ഞ അന്തരം ബജറ്റ് തയ്യാറാക്കിയതിൽ കാണിച്ച ലാഘവത്വം വ്യക്തമാക്കുന്നു.

അർഹമായ പ്രാധാന്യംകൊടുക്കാതെ ബജറ്റ് തയ്യാറാക്കിയതിനുള്ള ഉത്തരവാദിത്വം പ്രധാനമായും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കാണുള്ളത്.ക്രമ നം 1 ൽ സൂചിപ്പിച്ച അപാകത ഇത് സാക്ഷ്യപ്പെടുത്തുന്നു. മിനിട്സ് പരിശോധിച്ചതിൽ ബജറ്റ് പാസാക്കുന്ന തീയതിയിൽ മാത്രമാണ് ബജറ്റ് സംബന്ധമായ അജണ്ടയും ചർച്ചയും ഉണ്ടായിട്ടുള്ളൂവെന്ന് കാണുന്നു ബജറ്റ് 29.3.17 നാണ് കമ്മിറ്റി അംഗീകരിക്കുന്നത്

എന്നതിൽ നിന്നും നിശ്ചിതമായ നടപടിക്രമങ്ങളും സമയക്രമവും പാലിക്കപ്പെട്ടില്ലെന്ന് വ്യക്തമാകുന്നു. ക്രമനം 2ൽ പരാമർശിച്ച ഉത്തരവാദിത്വങ്ങളൊന്നും തന്നെ നിർവ്വഹിക്കാത്തതിനുള്ള കാരണം സ്വയം വിമർശാത്മകമായി പരിശോധിച്ച് ആവശ്യമായ പരിഹാര നടപടികൾ കമ്മിറ്റി കൈക്കൊള്ളേണ്ടതുണ്ട്.

വസ്തുതാപരമല്ലാത്തരീതിയിൽ അംഗീകരിക്കപ്പെട്ട ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കാത്തതിനും മറ്റ് അപാകതകൾക്കും വിശദീകരണം നല്കാനാവശ്യപ്പെട്ട് എൻക്വയറി നല്കിയെങ്കിലും മറുപടി നല്കിയിട്ടില്ല. സ്ഥാപനത്തിന്റെ ഉദ്യോഗസ്ഥ സംവിധാനത്തിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കും ഇക്കാര്യത്തിൽ തുല്യ പങ്കാളിത്തമുള്ള സാഹചര്യത്തിൽ അപാകതകൾക്കുള്ള കാരണം പരിശോധിച്ച് വിശദീകരണം നല്കേണ്ടതും, അപാകതകൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച ക്രമീകരണങ്ങൾ അറിയിക്കേണ്ടതുമാണ്. കൂടാതെ, മേൽ ക്രമീകരണത്തിന്റെ കാര്യക്ഷമത പരിശോധിക്കുന്നതിനായി നിലവിലെ സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റും അടുത്ത സാമ്പത്തിക വർഷത്തെ ബജറ്റും നിയതമായ രീതിയിൽ തയ്യാറാക്കി, ആയതിന്റെ പകർപ്പും പരിശോധനയ്ക്ക് നല്കേണ്ടതാണ്.

## 2-2 ആഭ്യന്തര നിയന്ത്രണ സംവിധാനം - പോരായ്മകൾ പരിഹരിക്കേണ്ടതാണ്.

സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് വിവിധ മേഖലകളിലെ പ്രവർത്തനങ്ങൾ വിലയിരുത്തയതിൽ നിന്നും ബോധ്യപ്പെടുന്നു. കണക്കു സൂക്ഷിപ്പ്, വരുമാനം കണക്കാക്കലും പിരിച്ചെടുക്കലും, ചെലവുകൾ വഹിക്കുന്ന രീതി, പ്രവർത്തനങ്ങളുടെ സ്ഥാപന തല വിലയിരുത്തൽ എന്നീ തലങ്ങളിൽ പോരായ്മകൾ നിലനില്ക്കുന്നുണ്ട്. സ്ഥാപനത്തിന്റെ വരുമാനത്തെയും, നിയമപരമായ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിലെ കാര്യക്ഷമതയെയും പ്രതികൂലമായി ബാധിക്കുന്ന പോരായ്മകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

1) കേരള പഞ്ചായത്ത് രാജ് ആക്ട് 156(4) ഡി പ്രകാരം പഞ്ചായത്തിനെ സംബന്ധിക്കുന്ന പണം കൊടുക്കലും പണം തിരികെ കൊടുക്കലും പ്രസിഡന്റ് അധികൃതപ്പെടുത്തേണ്ടതാണ്. എന്നാൽ തനത് ഫണ്ടിൽ നിന്നുള്ള ചെലവു വൗച്ചറുകളെല്ലാം തന്നെ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി അധികൃതപ്പെടുത്തിയിട്ടില്ല. ചില വൗച്ചറുകൾ സാക്ഷ്യപ്പെടുത്താതെയാണ് ചെലവ് വഹിക്കുന്നത് (ഉദാ: ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ വൗച്ചറുകൾ സാക്ഷ്യപ്പെടുത്താത്തവയിൽ പെടുന്നു) ഇത്തരം ചെലവുകൾ മുഴുവൻ അനധികൃതമായി എന്നതിനൊപ്പം ചെലവുകളുടെ മേൽ നോട്ട സംവിധാനത്തിലെ ഒരു പ്രധാന വിടവ് സൃഷ്ടിക്കപ്പെട്ടു എന്നതും പോരായ്മയാണ്.

2) കെട്ടിടനിർമ്മാണം, കച്ചവടം തുടങ്ങി വിവിധ മേഖലകളിലെ നിയമപരമായ

നിയന്ത്രണ സംവിധാനമായി പ്രവർത്തിക്കുന്നതിൽ സ്ഥാപനം വീഴ്ച വരുത്തിയിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിന്റെ കാര്യത്തിൽ, കെട്ടിട നിർമ്മാണ പെർമിറ്റ് നല്കുന്നത് പെർമിറ്റ് രജിസ്റ്ററിൽ ചേർക്കുന്നുണ്ടെങ്കിലും പെർമിറ്റ് പ്രകാരമുള്ള കെട്ടിടങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കുന്നുണ്ടോ, അല്ലാത്തപക്ഷം പുതുക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നില്ല. കെട്ടിടങ്ങളുടെ പൂർത്തീകരണം പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല എന്നതിൽ നിന്നും ഇത് വ്യക്തമാകുന്നു. എന്നാൽ സ്ഥാപനത്തിൽ സൂക്ഷിച്ചിരിക്കുന്ന അനധികൃത നിർമ്മാണത്തിന്റെ രജിസ്റ്ററിൽ 28 കെട്ടിടങ്ങളുടെ വിവരം മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. നിയന്ത്രണത്തിലെ വീഴ്ചയ്ക്കൊപ്പം വരുമാന ചോർച്ചയ്ക്കും ഇത് ഇടയാക്കുന്നു.

D&O ലൈസൻസിന്റെ കാര്യത്തിൽ ഓഡിറ്റ് വർഷത്തിൽ ഫീസിനത്തിൽ 27400/- രൂപയും അടുത്ത വർഷത്തെ മുൻകൂർ വരവായി 13600/- രൂപയുമാണ് വരവ് വന്നിരിക്കുന്നത്. 2016-17 വർഷത്തിൽ മുൻകൂർ വരവ് 5700/- രൂപ മാത്രമാണ്. ഇതിൽ നിന്നും നിയമപ്രകാരമുള്ള സമയപരിധിക്കുള്ളിൽ (മേൽ ലൈസൻസിന്റെ കാര്യത്തിൽ പുതുതായി എടുക്കുന്നതും പുതുക്കുന്നതും ഒരു മാസം മുമ്പേയായിരിക്കണം. അതായത് പുതുക്കുന്നവയുടെ കാര്യത്തിൽ ഫെബ്രുവരി മാസത്തിനുള്ളിൽ ഫീസ് അടച്ച് അപേക്ഷ സമർപ്പിച്ചിരിക്കണം) ലൈസൻസ് പുതുക്കാതെയാണ് മിക്ക സ്ഥാപനങ്ങളും പ്രവർത്തിക്കുന്നതെന്ന് കാണാം.

ഫീൽഡ് ഡ്യൂട്ടിയ്ക്ക് നിയോഗിക്കപ്പെടുന്ന ജീവനക്കാർക്ക് ഗ്രാമപഞ്ചായത്തിനെ ചുമതലപ്പെടുത്തിയ എല്ലാ മേഖലകളിലെയും നിയമലംഘനങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം നിർണ്ണയിച്ച് കൊടുക്കാത്തതാണ് മേൽ അപാകതയ്ക്കുള്ള ഒരു പ്രധാന കാരണം.

3) സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളൊഴികെയുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ട്രെയിഡേഴ്സിൽ നിന്നും മറ്റുള്ളവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത് നിശ്ചിത മാതൃകയിലുള്ള റിട്ടേണിൽ അവരുടെ വരുമാനം സംബന്ധിച്ച വിവരം ലഭ്യമാക്കിയല്ല. ഇത് നികുതി നിർണ്ണയത്തിൽ അപാകതയ്ക്ക് കാരണമാകുന്നു

4) നികുതികൾ, നികുതിയേതിര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിശ്ചിതമായ ഒരു നടപടിക്രമം സ്ഥാപനം പാലിക്കുന്നില്ല. ഇതുമൂലം വലിയ അളവിൽ വരമാനം നഷ്ടം സ്ഥാപനത്തിനുണ്ടാകുന്നുണ്ട്. ഭാഗം 2 ലെ വിവിധ ഖണ്ഡികകൾ ഇത് വിശദമാക്കുന്നു.

5) സ്ഥാപനത്തിന്റെ ന്യൂ ബിൽഡിംഗ് കൺസ്ട്രക്ഷൻ രജിസ്റ്റർ കൈകാര്യം ചെയ്യുന്നതും നികുതി നിർണ്ണയം നടത്തുന്നതും ഒരേ സെക്ഷനാണ്. നിർമ്മാണം പൂർത്തീകരിച്ച കെട്ടിടങ്ങളുളെല്ലാം തന്നെ നികുതി നിർണ്ണയിക്കപ്പെട്ടവയാണ് എന്ന ഉറപ്പ് വരുത്തുകയെന്ന രജിസ്റ്ററിന്റെ ഒരു പ്രധാന ഉദ്ദേശ്യം ഇതുമൂലം സാധ്യമാകുന്നില്ല. നിർമ്മാണ പൂർത്തികരണം ഉറപ്പുവരുത്തുന്ന വിഭാഗം തന്നെ രജിസ്റ്റർ സൂക്ഷിച്ചാൽ മാത്രമാണ് ഇത് സാധ്യമാകുക

6) വൗച്ചറുകളുടെ സൂക്ഷിപ്പ് വൗച്ചർ നമ്പർ അടിസ്ഥാനത്തിലാണെങ്കിലും അക്കൗണ്ട് ചട്ടങ്ങളിൽ നിർദ്ദേശിക്കുന്ന പ്രകാരം വൗച്ചറുകളുടെ ലിസ്റ്റ് ഓരോ മാസത്തെയും വൗച്ചറുകളുടെ ഫേസിംഗ് ഷീറ്റായി പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടില്ല. ഇത് മൂലം മിസ്സിംഗ് വൗച്ചർ, ക്യാൻസൽ ചെയ്ത വൗച്ചർ എന്നിവയുണ്ടോയെന്ന് പ്രത്യക്ഷത്തിൽ ശ്രദ്ധയിൽ പെടുന്നില്ല.

7) സെൽഫ് ചെക്ക് മുഖേന പിൻവലിക്കുന്ന തുകകൾ ക്യാഷ് ബുക്ക് വഴി വിതരണം ചെയ്യുമ്പോൾ വൗച്ചർ സൃഷ്ടിക്കപ്പെടുന്നെങ്കിലും ക്യാഷ് ബുക്കിൽ വൗച്ചർ നമ്പർ രേഖപ്പെടുത്തപ്പെടുന്നില്ല. വൗച്ചർ സൃഷ്ടിക്കപ്പെട്ടെങ്കിലും എവിടെ വൗച്ച് ചെയ്യപ്പെടുന്നു എന്നത് തിരിച്ചറിയപ്പെടാത്ത അവസ്ഥ ഇത് മൂലം സംജാതമാകുന്നു. ഇത് സാംഖ്യ സോഫ്റ്റ് വെയറിലെ അപാകതയാണെങ്കിലും ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കാൻ സ്ഥാപനം ശ്രമിച്ചിട്ടില്ല.

8) ബില്ലുകൾ/ഇൻവോയിസുകൾ, രശീതികൾ, ക്ലെയിമുകൾക്കുള്ള മറ്റ് രേഖകൾ എന്നിവ വൗച്ചറിനൊപ്പം സൂക്ഷിച്ചിരിക്കുന്നത് ചില വൗച്ചറുകളുടെയും കാര്യത്തിൽ ക്യാൻസൽ ചെയ്തിട്ടില്ല. തുക നല്കിയ ചെലവുകൾ വീണ്ടും നല്കാനുള്ള സാധ്യത ഇത് മൂലം സംജാതമാകാം.

9) യാത്രാബത്തയുടെ കാര്യത്തിൽ ജീവനക്കാരുടെ യാത്രാബത്ത അനുവദിക്കുന്നത് അവരിൽ നിന്നും ക്ലെയിം (യാത്രാ ഡയറി) വാങ്ങാതെയാണ്. മൂവ്മെന്റ് രജിസ്റ്റർ അടിസ്ഥാനപ്പെടുത്തിയാണ് തുക നിശ്ചയിക്കുന്നതെന്നാണ് സ്ഥാപനം ഇക്കാര്യത്തിൽ നല്കിയ വിശദീകരണം. ഒരു ക്ലെയിമും ഇല്ലാതെ തുക ചെലവഴിക്കുന്ന സ്ഥിതിവിശേഷം ഇതുമൂലമുണ്ടായി

10) വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്ന ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസാന്ത്യ വരവ് ചെലവുകൾ പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. കൂടാതെ വസ്തുനികുതി സംബന്ധിച്ച് 100% പിരിവ് ഉറപ്പുവരുത്തുന്നതിന് ഇടപെടലുകൾ നടത്തിയിട്ടുമുണ്ട്. എന്നാൽ മറ്റെല്ലാ വരവിനങ്ങളുടെയും കാര്യത്തിൽ വിലയിരുത്തലുകളോ ഇടപെടലുകളോ കമ്മിറ്റി നടത്തിയിട്ടില്ല. വസ്തുനികുതി ഉൾപ്പടെയുള്ള വരവിനങ്ങളിൽ ഡിമാന്റിൽ പൂർണ്ണത കൈവരിക്കാത്ത കാര്യം ഭാഗം 2 ലെ മറ്റ് ഖണ്ഡികകളിൽ പരാമർശിച്ചിരിക്കുന്നത് ഇവിടെ ശ്രദ്ധേയമാണ്.

11) വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികൾ തന്നെയും വീഴ്ചവരുത്തിയിട്ടുണ്ട്. ചെലവഴിച്ച പദ്ധതിപ്പണം, സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്താനുള്ള സ്ഥാപനതലത്തിൽ ഏർപ്പെടുത്തിയ കൺട്രോളിംഗ് സംവിധാനം ഇത് മൂലം ഫലപ്രദമായില്ല.

മേൽ പോരായ്മകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം നല്കേണ്ടതും അപാകതകൾ പരഹരിക്കുന്നതിനായി

താഴെ പറയുന്ന ക്രമീകരണങ്ങൾ നിയന്ത്രണ സംവിധാനങ്ങളിൽ വരുത്തേണ്ടതുമാണ്.

എ) പ്രസിഡന്റ് സാക്ഷ്യപ്പെടുത്താതെ യാതൊരു ചെലവും സ്ഥാപനത്തിന്റെ ഫണ്ടിൽ നിന്നും വഹിക്കാൻ പാടില്ല .ഇതിനാവശ്യമായ സംവിധാനം നിലവിൽ വരുത്തേണ്ടതാണ്.

ബി) നികുതികൾ, നികുതിയേതിര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

സി) കെട്ടിട നിർമ്മാണം, ഡി&ഒ ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം കൂടി ഫീൽഡ് സ്ററാഫിനെ ഏല്പിച്ചുകൊണ്ട് ഓഫീസ് ഉത്തരവ് പരിഷ്കരിക്കേണ്ടതും, റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

ഡി) വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതും ഇതിനായി എല്ലാ യോഗങ്ങളിലും സ്ഥിരം അജണ്ടയായി ഇത് സ്വീകരക്കാവുന്നതുമാണ്.

ഇ) ക്രമനം 3,5,6,7,8,9 എന്നിവയിൽ പരാമർശിച്ച അപാകതകൾ ഈ റിപ്പോർട്ട് കിട്ടിയയുടൻ പരിഹരിക്കേണ്ടതാണ്.

എഫ്) സ്റ്റാന്റിംഗ് കമ്മിറ്റികൾ അവയിൽ നിക്ഷിപ്തമായ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കിയതിന്റെ റിപ്പോർട്ടും, ഇതുമൂലമുണ്ടായ ഗുണഫലങ്ങളുടെ വിവരവും ലഭ്യമാക്കി പരാമർശം ഒഴിവാക്കാവുന്നതാണ്.

## **2-3** വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചതിൽ നഷ്ടം

പുറമേരി ഗ്രാമപഞ്ചായത്തിലെ വസ്തു നികുതിയുമായി ബന്ധപ്പെട്ട രേഖകൾ, സഞ്ചയ സോഫ്റ്റ് വെയറിലെ വിവരങ്ങൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(1) ഗ്രാമപഞ്ചായത്തിൽ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 40 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 50 രൂപ നിരക്കിലും 200 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 70

രൂപ നിരക്കിലുമാണ് ഭരണസമിതി തീരുമാനപ്രകാരം നികുതി നിശ്ചയിച്ചിരിക്കുന്നത്.

കേരള പഞ്ചായത്ത് രാജ് നിയമം, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം, ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ താഴെ പറയുന്ന ക്രമ നം 1 മുതൽ 12 വരെ യുള്ള ഘടകങ്ങളിൽ രണ്ടോ അതിലധികമോ ഘടകങ്ങൾ ഒരേ സമയം ബാധകമാവുകയാണെങ്കിലോ ക്രമ നം 13,14 എന്നിവയിൽ പാരാമർശിച്ച ഏതെങ്കിലുമൊരു ഘടകം ബാധകമാവുകയാണെങ്കിലോ പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിനു ബാധകമാവുന്ന രീതിയിൽ വസ്തു നികുതി നിർണയിക്കണമെന്നു നിഷ്കർഷിക്കുന്നുണ്ട്.

<table>
<tr><td>1.</td><td>കെട്ടിടത്തിന്റെ വിവിധഭാഗങ്ങൾ വിവിധ മേഖലകളിലായാൽ</td><td rowspan="6">(കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 203 (ഉപവകുപ്പ് 7, ഉപ വകുപ്പ് 9)</td></tr>
<tr><td>2.</td><td>വഴിസൗകര്യത്തിന്റെ ലഭ്യത</td></tr>
<tr><td>3.</td><td>മേൽക്കൂരയുടെ നിർമിതി</td></tr>
<tr><td>4.</td><td>കെട്ടിടത്തിന്റെ കാലപ്പഴക്കം</td></tr>
<tr><td>5.</td><td>തറയുടെ നിർമിതി</td></tr>
<tr><td>6.</td><td>എയർകണ്ടീഷനിംഗ് സൗകര്യം</td></tr>
<tr><td colspan="3">താഴെ പറയുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ</td></tr>
<tr><td>7.</td><td>പാർപ്പിടാവശ്യത്തിനായി ഉപയോഗിക്കുന്നവ</td><td rowspan="3">(കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 203 (ഉപവകുപ്പ് 2, ഉപ വകുപ്പ് 9),2011 ലെ കേരള പഞ്ചായത്ത്</td></tr>
<tr><td></td><td>വ്യവസായിക ആവശ്യത്തിനായി ഉപയോഗിക്കുന്നവ</td></tr>
<tr><td>8.</td><td>വിദ്യാലയങ്ങൾക്കോ, ആശുപത്രികൾക്കോ ആയി</td></tr>
</table>

| | | |
|---|---|---|
| | ഉപയോഗിക്കുന്നവ | രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5),4(1)) |
| 9. | അമ്യൂസ്മെന്റ് പാർക്കുകൾ, മൊബൈൽ ടെലഫോൺ ടവറുകൾ എന്നിവക്കായി ഉപയോഗിക്കുന്നവ | |
| 10. | വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നവ | |
| 11. | മറ്റാവശ്യങ്ങൾക്കുപയോഗിക്കുന്നവ | |
| 12. | സർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റേതെങ്കിലും കെട്ടിടം | |
| 13. | ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളവയാണെങ്കിൽ | 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(4) |
| 14 | ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരു വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണങ്ങളാൽ പ്രത്യേകം കെട്ടിട നമ്പർ നൽകിയിട്ടുണ്ടെങ്കിലോ | |

മേൽ പരാമർശിക്കാത്ത കാരണങ്ങളാൽ ഒരേ കെട്ടിടത്തിലെ വിവിധ മുറികൾക്ക്

വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കിയാണ് ഗ്രാമപഞ്ചായത്തിൽ നികുതി നിർണയിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉടമ | കെട്ടിട നം | പ്ലിന്ത് ഏരിയ | ഈടാക്കിയ നികുതി | ഈടാ ക്കേണ്ട നികുതി | നഷ്ടം | കുറിപ്പ് |
|---|---|---|---|---|---|---|---|
| 1 | ശശീന്ദ്രൻ, സ്മിജി വെളുത്ത പറമ്പത്ത് പുറമേരി പി.ഒ | 3/484A-484 B | ഗ്രൌണ്ട് ഫ്ലോർ – 72.155 $m^2$ ഒന്നാം നില – 90.435 $m^2$ 162.59 $m^2$ | ഗ്രൌണ്ട് ഫ്ലോർ-3464 ഒന്നാം നില-4124 ആകെ-7588 | 4329+5155 =9484 (ഗ്രൌണ്ട് ഫ്ലോർ+ഒന്നാം നില) | 1896/- | ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്ക്-50/- |
| 2 | താഹിറ പുന്നക്കൽ താഴകുനിയിൽ പാറക്കടവ് പി.ഒ | 17/399A-399D | ഗ്രൌണ്ട് ഫ്ലോർ – 213.4 ഒന്നാം നില – 276.49 489.89 $m^2$ | ഗ്രൌണ്ട് ഫ്ലോർ-11820 ഒന്നാം നില-15207 ആകെ-26487/- | 17925+22063 =39988 (ഗ്രൌണ്ട് ഫ്ലോർ+ഒന്നാം നില) | 13501/- | ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്ക്-70/- |
| 3 | അമ്മത്, സൈനബ, ഹാജറ കല്ല് വെട്ട് കുഴിയിൽ | 10/212C-212E | ഒന്നാം നില-181.15 $m^2$ | ഒന്നാം നില-8264/- | ഒന്നാം നില-10325/-- | 2061/- | ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്ക്-50/- |
| ആകെ തുക | | | | | | 17548/- | |

മേൽ പട്ടികയിൽ കാണിച്ച കെട്ടിടങ്ങളിലെ വ്യത്യസ്ത മുറികൾക്ക് വെവ്വേറെ നികുതി നിശ്ചയിച്ചത് കെട്ടിടത്തിന്റെ മൊത്തം തറവിസ്തീർണ്ണാടിസ്ഥാനത്തിലുള്ള ഉപയോഗം കണക്കിലെടുക്കാതെയാണ്. ഇത് കാരണം നികുതിയിൽ നഷ്ടം സംഭവിച്ചു.

ഒരേ കെട്ടിടത്തിൽ വ്യത്യസ്ത നമ്പർ നൽകുവാനുള്ള സാഹചര്യം, ചട്ടം 4 (1) ൽ പ്രസ്താവിച്ച വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം ഉപയോഗപ്പെടുത്തുക എന്നതാണ്. ചട്ടം 4 (1) ൽ പ്ര സ്താവിച്ച വ്യത്യസ്ത ഉപയോഗക്രമങ്ങൾ ഇവയാണ്.

| | |
|---|---|
| 1 | പാർപ്പിടാവശ്യത്തിനായി ഉപയോഗിക്കുന്നവ |
| 2 | വ്യവസായിക ആവശ്യത്തിനായി ഉപയോഗിക്കുന്നവ |
| 3 | വിദ്യാലയങ്ങൾക്കോ ,ആശുപത്രികൾക്കോ ആയി ഉപയോഗിക്കുന്നവ |
| 4 | അമ്യൂസ്മെന്റ് പാർക്കുകൾ, മൊബൈൽ ടെലഫോൺ ടവറുകൾ എന്നിവക്കായി ഉപയോഗിക്കുന്നവ |
| 5 | വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നവ |
| 6 | മറ്റാവശ്യങ്ങൾക്കുപയോഗിക്കുന്നവ |
| 7 | സർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റേതെങ്കിലും കെട്ടിടം |

എന്നാൽ മേൽപ്പറഞ്ഞ ഇനങ്ങളിൽ കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഉൾപ്പെടുന്നില്ല. അപാകത ഒഴിവാക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

1) മേൽ കെട്ടിടങ്ങളുടെയും ഇതേ രീതിയിൽ നാളിതുവരെ തെറ്റായി അസസ് ചെയ്ത $100m^2$ന് മുകളിലുള്ള എല്ലാ വാണിജ്യ കെട്ടിടങ്ങളുടെയും നികുതി പുനർനിർണ്ണയിച്ച് ഡിമാന്റിൽ മാറ്റം വരുത്തേണ്ടതും നികുതി നഷ്ടം ഒഴിവാക്കേണ്ടതുമാണ്. മേൽ കെട്ടിടങ്ങളുടെ കാര്യത്തിൽ വന്ന നികുതി നഷ്ടം 17548/- രൂപ ഈടാക്കേണ്ടതുമാണ്.

2) മേൽ നടപടിക്രമങ്ങൾ പാലിക്കുന്നത് മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥനും

ധനകാര്യ സ്ററാന്റിംഗ് കമ്മിറ്റിയും നിരീക്ഷിക്കേണ്ടതും ഫലപ്രാപ്തി ഉറപ്പുവരുത്തേണ്ടതുമാണ്.

മേൽ നടപടിക്രമങ്ങൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കുന്നതാണ്.

## 2-4 തൊഴിൽ നികുതി അപാകതകൾ

ഗ്രാമ പഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ, വ്യപാരം, വ്യവസായം, മറ്റ് വരുമാനമാർഗ്ഗങ്ങളിൽ ഏർപ്പെടുന്നവർ എന്നിവർ ഉൾപ്പടെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് സ്ഥാപനം ഉറപ്പു വരുത്തിയിട്ടില്ല. രജിസ്റ്ററുകളുടെ പരിപാലനത്തിലെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലുള്ള നടപടിക്രമങ്ങളിലെയും വീഴ്ചകൾ ഇത് വ്യക്തമാക്കുന്നു. നികുതി അടവാക്കാൻ ബ്ബാധ്യസ്ഥരായ ആരും തന്നെ ഒഴിഞ്ഞു പോകാതിരിക്കാൻ താഴെ പറയുന്ന നടപടിക്രമങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ട്, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിച്ചിട്ടുണ്ട്.

1. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നല്കേണ്ടതും നിശ്ചിത ഫോറത്തിൽ വിവരം വാങ്ങേണ്ടതുമാണ്. (നിയമം 205ബി, ചട്ടം13 എന്നിവ കാണുക)

2.തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ രണ്ടാം നമ്പർ ഫോറത്തിൽ തൊഴിലെടുക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നല്കേണ്ടതാണ്

3. വാടകയിലൂടെ വരുമാനമാർജ്ജിക്കുന്ന കെട്ടിട ഉടമകളെ ഉൾപ്പെടുത്തിയും ക്രമനം 1 ൽ സൂചിപ്പിച്ച, കെട്ടിട ഉടമകൾ ലഭ്യമാക്കുന്ന വിവരങ്ങളും 2ൽ സൂചിപ്പിച്ച ഫോറം 2ലെ വിവരങ്ങളും അടിസ്ഥാനപ്പെടുത്തിയുമാണ് ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കേണ്ടത്.

എന്നാൽ നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ, തൊഴിലാളികൾ, വരുമാനദായകർ എന്നിവരെ കണ്ടെത്താനുള്ള മേൽ നടപടിക്രമങ്ങൾ സ്ഥാപനത്തിൽ പാലിക്കപ്പെട്ടിട്ടില്ല. (ക്രമ നമ്പർ ഒന്നു പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിന് കെട്ടിട ഉടമയ്ക്ക് നല്കേണ്ട നോട്ടീസിന്റേയോ ഉടമസ്ഥൻ വിവരം ലഭ്യമാക്കേണ്ട ഫോറത്തിന്റേയോ മാതൃക/ഫോറം തൊഴിൽ നികുതി ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. എങ്കിലും നിയമപ്രകാരവും ചട്ടപ്രകാരവുമുള്ള വരുമാനമാർഗ്ഗം ഉപയോഗപ്പെടുത്താൻ സ്ഥാപനം ഫോറങ്ങൾ നിശ്ചയിച്ച് ഉപയോഗപ്പെടുത്തുകയോ അപാകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുകയോ ചെയ്യേണ്ടതായിരുന്നു.) ഇതിന്റെ ഫലമായി താഴെ പറയുന്ന പൊരുത്തക്കേടുകൾ തൊഴിൽ നികുതിയുടെ കാര്യത്തിൽ

നിലനില്ക്കുന്നു.

എ) സഞ്ചയ അസസ്മെന്റ്, ഡിമാന്റ് എന്നിവ പ്രകാരം 1709 കെട്ടിടങ്ങൾ വാണിജ്യപരമായ ആവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ടവയാണ്. 2017-18 വർഷത്തിൽ വേക്കൻസി റെമിഷന് 5 അപേക്ഷകളാണ് ലഭ്യമായത്. അതായത് 1704 കെട്ടിടങ്ങൾ 2017-18 വർഷത്തിൽ ഉപയോഗപ്പെടുത്തുന്നുണ്ടെന്ന് കാണാം. എന്നാൽ ട്രഡേഴ്സിന്റെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 339 ഡിമാന്റുകളിൽ നിന്നുമാത്രമാണ് നികുതി ഈടാക്കിയിരിക്കുന്നത്. അതായത് 1365 കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും അവയിലെ തൊഴിലാളികളിൽ നിന്നും നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല.

ബി) ക്രമ നം 1 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാത്തതുകൊണ്ട്, കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവർ മാത്രമല്ല കെട്ടിട ഉടമകളും നികുതി പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടു. ഗ്രാമപഞ്ചായത്തിലെ കെട്ടിട ഉടമകൾ ആരും തന്നെ നാളിതുവരെ തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെട്ടിട്ടില്ലെന്ന വസ്തുത നികുതി വരുമാനത്തിന്റെ കാര്യത്തിൽ സ്ഥാപനത്തിന്റെ ജാഗ്രതക്കുറവ് വ്യക്തമാക്കുന്നു. വാണിജ്യാവശ്യത്തിനുള്ള 1709 കെട്ടിടങ്ങൾ ഉള്ളതിനാൽ പരാമവധി അത്രയും ഡിമാന്റുകൾ കൂടി തൊഴിൽ നികുതിയുടെ കാര്യത്തിൽ ഉണ്ടാവേണ്ടതാണ്.

സി) വിവിധ വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് ലൈസൻസ് നല്കുമ്പോൾ ഈടാക്കുന്ന നികുതി സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവരുടെ മാത്രമാണെന്ന് രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. അതായത് ലൈസൻസ് അനുവദിക്കപ്പെട്ട 325 സ്ഥാപനങ്ങളിൽ നിന്നും അവയുടെ വിറ്റുവരവ് അടിസ്ഥാനപ്പെടുത്തി സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഡി) ട്രെയിഡേഴ്സിന്റെ കാര്യത്തിൽ, പിരിച്ചെടുത്ത നികുതി പോലും ചട്ടങ്ങളിൽ പ്രതിപാദിച്ച നടപടിക്രമങ്ങളിലൂടെയല്ല കണക്കാക്കി ഈടാക്കിയത്. സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങിയാണ് നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടത്. എന്നാൽ ഒരു മാനദണ്ഡവുമില്ലാതെ ഒരു നിശ്ചിത തുക ഈടാക്കുന്ന രീതിയാണ് നടന്നു വരുന്നത്. ഇത് വരുമാനചോർച്ചയ്ക്ക് ഇടയാക്കുന്നു എന്നതു പോലെ ചട്ടങ്ങളുടെ ലംഘനവുമാണ് .

നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നത് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടാണെന്ന് സൂപ്പർവൈസറി തലത്തിൽ പരിശോധിക്കപ്പെടാത്തതും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നികുതി പിരിവുമായി ബന്ധപ്പെട്ട് കൃത്യമായ ഇടപെടൽ നടത്താത്തതും നികുതി പിരിവിലെ മേൽ അപാകതകൾക്ക് കാരണമായി. സ്റ്റാന്റിംഗ് കമ്മിറ്റി ഒരു ഘട്ടത്തിലും ഇത് സംബന്ധിച്ച അജണ്ട ചർച്ച ചെയ്യുകയോ നിർദ്ദേശങ്ങൾ നല്കുകയോ ചെയ്തിട്ടില്ലെന്ന് മിനിട്സ് വ്യക്തമാക്കുന്നുണ്ട്. അപാകതകൾക്ക്

വിശദീകരണം നല്കേണ്ടതും, നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളും തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുത്തുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

1) വാണിജ്യാവശ്യത്തിന് നികുതി നിർണ്ണയിച്ച എല്ലാ കെട്ടിട ഉടമകളെയും, പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിക്കുകയും നിലവിൽ വാടകയ്ക്ക് നല്കുകയും ചെയ്യുന്ന കെട്ടിട ഉടമകളെയും നികുതി പരിധിയിൽ കൊണ്ടുവന്ന് ഡിമാന്റിൽ ഉൾപ്പെടുത്തേണ്ടതും വരുമാനം സംബന്ധിച്ച് ചട്ടപ്രകാരമുള്ള ഫോറത്തിൽ റിട്ടേൺ വാങ്ങി നികുതി ഈടാക്കേണ്ടതുമാണ്. റിട്ടേൺ പ്രകാരം കാണിക്കുന്ന വരുമാനത്തിന്റെ കൃത്യത ആവശ്യമെങ്കിൽ ലൈസൻസ് അപേക്ഷയ്ക്കൊപ്പം (ലൈസൻസ് നല്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ) ലഭ്യമാക്കുന്ന കരാറിലെ വാടക സംബന്ധിച്ച വിവരവുമായി ഒത്തുനോക്കി ഉറപ്പാക്കാവുന്നതാണ്.

2) എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ അർദ്ധവർഷത്തിന്റെ തുടക്കത്തിൽ നോട്ടീസ് നല്കേണ്ടതും , ഇത് ലഭ്യമാകുന്ന മുറയ്ക്ക് ഡിമാന്റ് രജിസ്റ്റർ കാലികമാക്കേണ്ടതുമാണ് .നിലവിൽ ഉപയോഗിക്കുന്നില്ലെന്ന് അറിയിക്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ എല്ലാ അർദ്ധ വർഷത്തിന്റെയും തുടക്കത്തിൽ ഈ പ്രക്രിയ തുടരേണ്ടതാണ്.മേൽ നടപടിക്രമങ്ങൾക്ക് നിശ്ചിത ഫോറങ്ങൾ തൊഴിൽ നികുതി ചട്ടങ്ങളിലില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടതും, അതുവരെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ഫോറം ഒന്നും, രണ്ടും ആവശ്യമായ മാറ്റങ്ങളോടെ സ്വീകരിച്ച് ഉപയോഗപ്പെടുത്താവുന്നതുമാണ്.

3) തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ രണ്ടാം നമ്പർ ഫോറത്തിൽ തൊഴിലെടുക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നല്കേണ്ടതാണ്. വിവരം ലഭ്യമാകുന്ന മുറയ്ക്ക് ഡിമാന്റ് രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

4) ടെയിഡേഴ്സിന്റെ കാര്യത്തിൽ സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങി നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടതാണ്.

5) മേൽ നോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥനും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് നിരീക്ഷിക്കേണ്ടതും ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതുമാണ്.

6)2017-18 ലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, അർദ്ധവർഷ റിട്ടേണുകൾ, സ്ഥാപന രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ

നികുതി ഈടാക്കിയിട്ടില്ല.

(1)ശ്രീനാരായണ ഇംഗ്ലീഷ് മീഡിയം സ്കൂൾ പുറമേരി

(2)വിദ്യോദയ ഇംഗ്ലീഷ് മീഡിയം സ്കൂൾ

(3)അൽ ഫുർഖാൻ അറബിക് കോളേജ് നാദാപുരം

(4)സംസ്കൃതി പബ്ലിക് സ്കൂൾ പുറമേരി

(5)അക്ഷയ സെന്റർ പുറമേരി

2018-19 വർഷത്തിന്റെ രണ്ടാം അർദ്ധവർഷം മുതൽക്കുതന്നെ മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ നടപ്പിലാക്കി ഇത് സംബന്ധിച്ച റിപ്പോർട്ട് ഹാജരാക്കിയും, ഇതുമൂലമുണ്ടായ വരുമാന വർദ്ധനവ് സംബന്ധിച്ച വിശദാംശം ലഭ്യമാക്കിയും പരാമർശം ഒഴിവാക്കേണ്ടതാണ്.

## 2-5 നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് - വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പ്രത്യേക നമ്പർ നൽകി അവയെ സംബന്ധിച്ച വിവരങ്ങൾ ഫോറം നമ്പർ 10 ൽ ഉള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്. നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം നിയമാനുസൃതമല്ല എന്ന് സൂചിപ്പിക്കുന്ന യു.എ എന്ന് ചേർത്ത് പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയ വർഷം കണ്ടെത്തി നമ്പർ അനുവദിക്കേണ്ടതാണ്. ഇപ്രകാരം അനുവദിക്കപ്പെട്ട യു.എ (അൺ ഓതറൈസ്ഡ്) നമ്പർ മറ്റ് യാതൊരു ആവശ്യങ്ങൾക്കും ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു. ഇപ്രകാരം നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളിൽ നിന്നും നിയമപ്രകാരമുള്ള കെട്ടിട നികുതിയും അതിന്റെ 2 ഇരട്ടിയും കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ അടിസ്ഥാനമാക്കി ഈടാക്കേണ്ടതാണ്.

എന്നാൽ പുറമേരി ഗ്രാമപഞ്ചായത്തിൽ അനധികൃത നിർമ്മാണം സംബന്ധിച്ച് ഫീൽഡ് പരിശോധന നടത്തി രജിസ്റ്റർ തയ്യാറാക്കി കെട്ടിട ഉടമകളിൽ നിന്നും അനധികൃത നിർമ്മാണങ്ങൾക്ക് ബാധകമാവുന്ന രീതിയിൽ നികുതി ഈടാക്കുന്നില്ല.അനധികൃത നിർമ്മാണങ്ങൾ ഫീൽഡ് പരിശോധന നടത്തി കണ്ടെത്തി അത്തരം കെട്ടിടങ്ങളിൽ നിന്നും അനധികൃത നിർമ്മാണങ്ങൾക്ക്

ബാധകമാവുന്ന രീതിയിൽ വസ്തു നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 2-6 ബിൽഡിങ് പെർമിറ്റ് അപാകതകൾ

2017-18 വർഷത്തിൽ ബിൽഡിംഗ് പെർമിറ്റ്, കംപ്ലീഷൻ, ക്രമവത്കരണം, പെർമിറ്റ് പുതുക്കൽ എന്നിവയുമായി ബന്ധപ്പെട്ട് സ്ഥാപനത്തിൽ ലഭിച്ചിട്ടുള്ള അപേക്ഷകൾ, ബിൽഡിംഗ് പെർമിറ്റ് അപേക്ഷാ രജിസ്റ്ററുകൾ, ക്രമവത്കരണ അപേക്ഷാ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 2017-18 ൽ ആകെ ലഭിച്ച 435 അപേക്ഷകളിൽ 151 എണ്ണവും ക്രമ വത്കരണത്തിനുള്ളതാണ്. 2011 ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂളിലെ , ചട്ടം 138 ൽ കെട്ടിടങ്ങളുടെ ക്രമവത്കരണം നടത്തുന്നതിന് സെക്രട്ടറിക്കുള്ള അധികാരങ്ങൾ വ്യക്തമാക്കുന്നതിനൊപ്പം അനധികൃത കെട്ടിട നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തടയുന്നതിൽ സെക്രട്ടറിക്ക് ചട്ട പ്രകാരമുള്ള ഉത്തരവാദിത്തം ഒഴിവാക്കപ്പെടുന്നില്ലെന്നത് പരാമർശിക്കുന്നുണ്ട്. എന്നാൽ മേൽ ഉത്തരവാദിത്തം നിർവ്വഹിക്കുന്നതിൽ സെക്രട്ടറി വീഴ്ച വരുത്തി എന്നാണ് ഈ ഇനത്തിൽ ലഭ്യമാവുന്ന അപേക്ഷകളുടെ എണ്ണം സൂചിപ്പിക്കുന്നത്. പെർമിറ്റില്ലാതെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച 151 കെട്ടിടങ്ങൾ നിർമ്മാണ ഘട്ടത്തിൽ തന്നെ ഫീൽഡ് പരിശോധയിലൂടെ തിരിച്ചറിഞ്ഞ് നടപടികൾ സ്വീകരിക്കുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ല.

2. കെട്ടിട പെർമിറ്റ് അനുവദിച്ച അപേക്ഷകളിൽ നിർമ്മാണം പൂർത്തീകരിക്കുമ്പോൾ പൂർത്തീകരണ വിവരം പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ഇത് കാരണം പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുകയോ കാലാവധിക്ക് ശേഷം പെർമിറ്റ് പുതുക്കുകയോ ചെയ്യാത്ത കെട്ടിടങ്ങളെ കണ്ടെത്താൻ സാധിക്കുന്നില്ല. അനധികൃത നിർമ്മാണങ്ങൾ വർദ്ധിക്കുന്നതിനും വരുമാന നഷ്ടം ഉണ്ടാകുന്നതിനും ഇത് കാരണമാകുന്നു.
   ഗ്രാമ പഞ്ചായത്തിലെ അനധികൃത നിർമ്മാണങ്ങൾ ഫീൽഡ് പരിശോധന നടത്തി കണ്ടെത്തി നിയമാനുസൃതം പെർമിറ്റ് എടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-7 ഡി&ഒ ലൈസൻസ് അപാകതകൾ

1994ലെ കേരള പഞ്ചായത്ത് നിയമം, വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലെ യാതൊരു സ്ഥലവും പരിസ്ഥിതി, പൊതുസുരക്ഷ, പൊതുജനാരോഗ്യം മുതലായ പൊതു താൽപര്യങ്ങളെ ദോഷകരമായി ബാധിക്കുന്നതോ ശല്യകാരണമായി ഭവിക്കുന്നതോ ആയ വ്യവസായങ്ങൾ,

ഫാക്ടറികൾ, വ്യാപാരങ്ങൾ, പണിസ്ഥലങ്ങൾ, മറ്റു സേവനങ്ങൾ എന്നിവക്കായി പൊതുവേയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാര്യങ്ങൾക്കായി പ്രത്യേകിച്ചും, സെക്രട്ടറി നൽകുന്ന ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമല്ലാതെ ഉപയോഗിക്കാൻ പാടുള്ളതല്ല. എന്നാൽ ഗ്രാമപഞ്ചായത്തിൽ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നതിനുള്ള സാധ്യത നിലനില്ക്കുന്നതായി ലഭ്യമായ വിവരങ്ങളിൽ നിന്നും വ്യക്തമാകുന്നു. സഞ്ചയയിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം വാണിജ്യ/വ്യാവസായിക ആവശ്യങ്ങൾക്ക് വേണ്ടി ആകെ 1709 കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചിട്ടുണ്ട്. 2017-18 വർഷത്തിൽ 5 വാണിജ്യ/വ്യാവസായിക കെട്ടിടങ്ങൾ ഉപയോഗിക്കാത്തിനാൽ ഒഴിവായി കിടക്കുന്നതായി കാണിച്ച് നികുതി ഇളവിന് അപേക്ഷ നൽകിയിട്ടുണ്ട്. ഓഡിറ്റ് വർഷം 400 കെട്ടിടങ്ങളിലായി 325സ്ഥാപനങ്ങൾക്ക് മാത്രമാണ് ഡി & ഒ ലൈസൻസ് അനുവദിച്ചിരിക്കുന്നത്. വാണിജ്യാവശ്യത്തിന് നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ എണ്ണവും ആകെ ലൈസൻസിനായി ഉപയോഗപ്പെടുത്തിയിരിക്കുന്ന കെട്ടിടങ്ങളുടെ എണ്ണവും തമ്മിലുള്ള അന്തരം ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കാനുള്ള സാധ്യത വ്യക്തമാക്കുന്നു. ലൈസൻസ് എടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാ കെട്ടിടങ്ങളും ലൈസൻസ് എടുക്കാതിരിക്കുമ്പോൾ നിയമലംഘനത്തോടൊപ്പം ലൈസൻസ് ഫീസിനത്തിൽ ലഭിക്കേണ്ടുന്ന തുക പഞ്ചായത്തിന് നഷ്ടമാകുന്ന സാഹചര്യവുമുണ്ട്. വ്യക്തമായ ഡാറ്റാ കൈയ്യിലുണ്ടായിട്ടും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തുന്നതിന് യാതൊരു നടപടിയും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചതായി കാണുന്നില്ല. വാണിജ്യ/വ്യാവസായിക ആവശ്യങ്ങൾക്കായി കെട്ടിടനമ്പർ നൽകിയ കെട്ടിടങ്ങളിൽ ഭൗതികപരിശോധന നടത്തി ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതും എല്ലാ സ്ഥാപനങ്ങളെയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടു വരേണ്ടതുമാണ്.

## 2-8 വിവിധോദ്ദേശ്യങ്ങൾക്കുള്ള/സംയുക്ത പ്രൊജക്ടുകൾക്കുള്ള ഫണ്ട് പരിപാലനത്തിൽ അപാകത

ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ ബി 4 പ്രകാരം വിവിധ ഉദ്ദേശ്യങ്ങൾക്ക് വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച തുകകളിൽ 2816643/-രൂപ ഓഡിറ്റ് വർഷത്തിൽ വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. തനത് ഫണ്ട് ഉൾപ്പടെയുള്ള ബാങ്ക് അക്കൗണ്ടുകളിലാണ് ഈ തുകകൾ നിക്ഷേപിച്ചിരിക്കുന്നത്. മേൽ നീക്കിയിരിപ്പ് കൂടി സ്ഥാപനത്തിന്റെ ആകെ നീക്കിയിരിപ്പ് ഉൾക്കൊള്ളുന്നുണ്ട്. വിവിധ സംയുക്ത പ്രൊജക്ടുകൾക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ നല്കിയ തുകയിൽ നാളിതുവരെ വിനിയോഗിക്കാതെ അവശേഷിക്കുന്ന 991846/-രൂപ കൂടി മേൽ തുകയിൽ ഉൾപ്പെടുന്നുണ്ട്.ഇതിന്റെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം | ഫണ്ട് നല്കിയ സ്ഥാപനം | നീക്കിയിരിപ്പ് തുക |
|---|---|---|
| 1 | ജില്ലാപഞ്ചായത്ത് | 484535 |
| 5 | ബ്ലോക്ക് പഞ്ചായത്ത് | 507311 |
| ആകെ | | 991846 |

മേൽ ഫണ്ടുകളുടെ കാര്യത്തിൽ സമയബന്ധിതമായ വിനിയോഗം നടന്നില്ല എന്നതിനൊപ്പം സർക്കാർ നിർദ്ദേശങ്ങൾ ലംഘിച്ചുകൊണ്ട് ഫണ്ട് പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുകയുമാണ്.ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

13ആം പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ സംയുക്ത പ്രൊജക്ടുകളുടെ വിഭവ വകയിരുത്തലും വിനിയോഗവും 23.01.2017 ലെ ജി.ഒ (പി)7/2017/ഫിൻ നമ്പർ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങളനുസരിച്ചായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.

1) സംയുക്ത പ്രൊജക്ടുകൾക്ക് പ്രത്യേകമായി ഒരു സ്‌പെഷൽ ടി എസ് ബി അക്കൗണ്ട് തുടങ്ങേണ്ടതും ഇതിൽ സംയുക്ത പ്രൊജക്ടുകൾക്കു ലഭ്യമാകുന്ന തുകകൾ മാത്രം നിക്ഷേപിക്കേണ്ടതുമാണ്

2) ധനസഹായം നല്കുന്ന തദ്ദേശ സ്ഥാപനം വകയിരുത്തിയ തുക മുഴുവൻ ഒറ്റ ഗഡുവായി സെപ്റ്റംബർ 30 നു മുമ്പേ സംയുക്ത പ്രൊജക്ട് നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സ്‌പെഷൽ ടി എസ് ബി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ടതാണ്.

3) നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനം ഫെബ്രുവരി മാസത്തിന്റെ അവസാന വാരം സംയുക്ത പ്രൊജക്ടിന്റെ നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും സാമ്പത്തിക വർഷത്തിനുള്ളിൽ വിനിയോഗിക്കാൻ കഴിയില്ലെന്ന് ഉറപ്പുള്ള ബാലൻസ് തുക കണക്കാക്കി ആയത് ധനസഹായം നല്കിയ തദ്ദേശ സ്ഥാപനത്തിന് ,മേൽ തുക മറ്റ് കാര്യങ്ങൾക്ക് വിനിയോഗിക്കാൻ മേൽ സ്ഥാപനത്തിന് കഴിയും വിധം ,ഫെബ്രുവരി 28നു മുമ്പേ തിരിച്ചു നല്കേണ്ടതുമാണ്.

4) നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31 ന് സ്‌പെഷൽ ടി എസ് ബി അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും , അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ടതുക കഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്.

5)സാമ്പത്തിക വർഷത്തിന്റെ ഒടുവിൽ സംയുക്ത പ്രൊജക്ട് പൂർത്തീകരിച്ചില്ലെങ്കിൽ, സ്പിൽ ഓവർ ബാധ്യത പങ്കെടുക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ തമ്മിൽ ഷെയർ ചെയ്ത് , സ്പിൽ ഓവർ പ്രൊജക്ടുകൾക്കായി അടുത്ത വർഷം ലഭ്യമാകുന്ന അലോട്ട് മെന്റിൽ നിന്നും വഹിക്കാവുന്നതാണ്.

6) മേല്പറഞ്ഞ നടപടിക്രമങ്ങൾ പാലിക്കുന്നതിനാൽ സ്പെഷൽ ടി എസ് ബി അക്കൗണ്ടിലെ നീക്കിയിരിപ്പ് മാർച്ച് 31 ന് ശൂന്യമാകുന്നതാണ്.

എന്നാൽ സംയുക്ത പ്രൊജക്ടുകളുടെ ധനാഗമനത്തിന്റെയും ധനവിനിയോഗത്തിന്റെയും വിവിധ ഘട്ടങ്ങളിൽ മേൽ നിർദ്ദേശങ്ങൾ സ്ഥാപനം പൂർണ്ണമായി പാലിച്ചിട്ടില്ലെന്ന് രേഖകൾ വ്യക്തമാക്കുന്നു.പ്രധാനപ്പെട്ട വീഴ്ചകൾ താഴെ പറയുന്നു.

എ) ധനസഹായം നല്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ ഉത്തരവിൽ നിർദ്ദേശിക്കുന്ന സമയക്രമം പാലിച്ചുകൊണ്ടല്ല ഫണ്ട് അനുവദിച്ചിരിക്കുന്നത്. ക്രമനം.1, 2 എന്നിവയുടെ കാര്യത്തിൽ ഫണ്ടുകൾ ലഭിച്ചിരിക്കുന്നത് 2018 മാർച്ച് മാസത്തിലാണ്. മറ്റുള്ളവ ഒക്ടോബർ മാസത്തിലും. തൻവർഷം പ്രോജക്ടുകൾ പൂർത്തീകരിക്കപ്പെടില്ലെന്ന വ്യക്തമായ ധാരണ ഫണ്ട് അനുവദിയ്ക്കുമ്പോൾ തന്നെ ഉണ്ടായിരുന്നെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. ഫണ്ടുകൾ സമയബന്ധിതമായി ലഭിക്കാൻ യാതൊരു ശ്രമവും ഗ്രാമപഞ്ചായത്തും നടത്തിയിട്ടില്ലെന്നതും അപാകതയ്ക്ക് കാരണമായി.

ബി) മാർച്ച് 31 ന് അവശേഷിക്കുന്ന ഫണ്ട് സർക്കാരിലേക്ക് സറണ്ടർ ചെയ്യാതെ സ്പെഷൽ ടി എസ് ബി അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. 481643/- രൂപ ഈയിനത്തിൽ അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്.

മേൽഅപാകതകൾക്ക് വിശദീകരണം നല്കുന്നതിനൊപ്പം താഴെ പറയുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കേണ്ടതാണ്.

1) അക്കൗണ്ടിൽ നീക്കിയിരിപ്പായ 481643/- രൂപ അടിയന്തിരമായി സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതാണ്. പ്രൊജക്ട് നിർവ്വഹണത്തിനായി തുക ബാധ്യതപ്പെട്ടെങ്കിൽ തുക സറണ്ടർ ചെയ്യാതെ ഉപയോഗപ്പെടുത്തുന്നതിന് സർക്കാരിന്റെ അനുമതി വാങ്ങി ഉപയോഗപ്പെടുത്താവുന്നതാണ്. അനുമതി ലഭിക്കാത്ത പക്ഷം സ്പിൽ ഓവർ ബാധ്യത പ്രൊജക്ടിൽ പങ്കെടുത്ത തദ്ദേശഭരണ സ്ഥാപനങ്ങൾ തമ്മിൽ ഷെയർ ചെയ്ത് , സ്പിൽ ഓവർ പ്രൊജക്ടുകൾക്കായി ഈ വർഷമോ അടുത്ത വർഷമോ ലഭ്യമാകുന്ന അലോട്ട് മെന്റിൽ നിന്നും വഹിക്കാവുന്നതാണ്.

2) ഇത്തരം പ്രൊജക്ടുകളുടെ ഫണ്ട് പങ്കെടുക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ഉത്തരവിൽ സൂചിപ്പിച്ച സമയക്രമപ്രകാരം ലഭിക്കാൻ ഇനി മുതൽ ശ്രമം നടത്തേണ്ടതാണ്.

3) ഇപ്രകാരം ലഭിക്കുന്ന ഫണ്ട് ഉത്തരവിൽ സൂചിപ്പിച്ച സമയക്രമപ്രകാരം ചെലവഴിക്കാൻ കഴിയാത്ത സാഹചര്യത്തിൽ സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതും,

പ്രൊജക്ട് ബാധ്യയുണ്ടെങ്കിൽ പരിഹരിക്കാൻ ഉത്തരവിലെ നിർദ്ദേശാനുസരണം പ്രവർത്തിക്കേണ്ടതുമാണ്.

ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ അറിയിച്ച് പരാമർശം ഒഴിവാക്കാവുന്നതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകളുടെ പരിശോധന - കണ്ടെത്തിയ അപാകതകൾ

2017 – 18 വർഷത്തിൽ സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകൾ പരിശോധിച്ചു. കണ്ടെത്തിയ അപാകതകൾ താഴെപ്പറയുന്നു.

1. വിവിധ ഏജൻസികൾക്ക് 2017-18 വർഷത്തിൽ കൈമാറിയ തുകകൾക്ക് കൈപ്പറ്റ് രശീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭിച്ചില്ല. വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ , പ്രോജക്ട് | കൈമാറിയ തുക (രൂ), ഫണ്ട് | കൈപ്പറ്റിയ ഏജൻസി | ട്രഷറി ബിൽ / വൌച്ചർ നമ്പർ/ തിയ്യതി, തുക (രൂ) | റിമാർക്സ് |
|---|---|---|---|---|---|
| 1. | എസ്.ഒ 047/18, കാൻസർ നിർണയ ക്യാമ്പ് - ഫണ്ട് കൈമാറൽ. | 1 ലക്ഷം, വികസന ഫണ്ട് | തൂണേരി BP | 12/17-18, 10.9.17, 1 ലക്ഷം | കൈപ്പറ്റ് രശീത്, വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല. |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 2. | 14/18, ഐ.കെ.എം നല്കുന്ന സേവനങ്ങൾക്കുള്ള തുക നല്കൽ. | 52878, വികസന ഫണ്ട് | ഐ.കെ.എം | 19/17-18, 27.1.18, 52878 , | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല. |
| 3. | എസ്.ഒ 091/18, സ്നേഹസ്പർശം - പദ്ധതിക്ക് തുക കൈമാറൽ. | 2 ലക്ഷം, തനത് ഫണ്ട് | സാമൂഹ്യ സുരക്ഷ മിഷൻ. | 21700947, 28.2.18, 2 ലക്ഷം, (ചെക്ക് നമ്പർ 7289221 /28.2.18) | കൈപ്പറ്റ് രശീത്, വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല. |
| 4. | എസ്.ഒ 186/18, 136 നമ്പർ അങ്കണവാടി തുക കൈമാറി | 4 ലക്ഷം, വികസന ഫണ്ട് | തൂണേരി BP | 23/17-18, 15.2.18, 4 ലക്ഷം | കൈപ്പറ്റ് രശീത്, വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല. |
| 5. | എസ്.ഒ 010/18, ജലനിധി (17-18) | 25 ലക്ഷം , ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ജലനിധി | 13/17-18, 1.11.17, 25 ലക്ഷം | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല. |

2. തെരുവ് വിളക്കുകൾ വാങ്ങുന്ന പ്രോജക്റ്റ് നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ്.ഒ 059/18 |
| പ്രോജക്റ്റ് | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (2016-17) |
| ചെലവഴിച്ച തുക , ഫണ്ട് | 573195 രൂ , ലോകബാങ്ക് ധനസഹായം |
| ട്രഷറി ബിൽ നമ്പർ,തിയ്യതി, തുക | 17/17-18, 1.11.17 , 304889 രൂ<br>15/17-18 , 1.11.17 , 268306 രൂ |
| വിതരണക്കാർ | എഡിസൺ ഇലക്ട്രോണിക്സ്,കൊച്ചി |
| ഇൻവോയ്സ് നമ്പർ , തിയ്യതി, തുക | 12 , 17.6.17 , 573195 രൂ |
| വിതരണം ചെയ്ത ഉല്പന്നങ്ങൾ | 15 വാട്ടസ് എൽ.ഇ.ഡി വിളക്കുകൾ - 170 എണ്ണം<br>24 വാട്ട്സ് എൽ.ഇ.ഡി വിളക്കുകൾ - 20 എണ്ണം |

പ്രോജക്റ്റ് പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെപ്പറയുന്നു.

1. വാങ്ങൽ പ്രോജക്റ്റ് നടപ്പാക്കുന്നതിൽ വേണ്ട മേൽനോട്ടം വഹിക്കുവാൻ പ്രൊക്യൂർമെന്റ് കമ്മിറ്റിക്ക് സാധിച്ചിട്ടില്ല. 2017 -18 വർഷത്തിൽ 27.9.17 , 31.3.18 തിയ്യതികളിൽ സമ്മേളിച്ച കമ്മിറ്റി ഒരിക്കൽ പോലും സ്ട്രീറ്റ് ലൈറ്റ് വാങ്ങുന്ന പദ്ധതി ചർച്ച ചെയ്തില്ല,

2. വാങ്ങലുകൾ തീരുമാനിക്കുമ്പോൾ കെ.എസ്.ഇ.ബിയുമായി കൂടിയാലോചന നടത്തിയിട്ടില്ല.

3. തെരുവ് വിളക്കുകൾ ഘടിപ്പിക്കുമ്പോൾ കെ.എസ്.ഇ.ബിയുടെ മേൽനോട്ടം ഉണ്ടായതായോ മുഴുവൻ വിളക്കുകളും ഘടിപ്പിച്ചതായി സാക്ഷ്യപത്രം നല്കിയതായോ

കാണുന്നില്ല.

4. ഏതൊക്കെ നമ്പർ ഇലക്ട്രിക്ക് പോസ്റ്റുകളിലാണ് തെരുവ് വിളക്കുകൾ സ്ഥാപിച്ചത് എന്ന് വ്യക്തമല്ല. വാർഡ് മെമ്പർമാർ അവരവരുടെ വാർഡുകളിൽ ഇത്ര എണ്ണം വിളക്കുകൾ സ്ഥാപിച്ചതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ഏതൊക്കെ നമ്പർ ഇലക്ട്രിക്ക് പോസ്റ്റുകളിലാണ് ഇവ സ്ഥാപിച്ചത് എന്ന് വ്യക്തമാക്കിയിട്ടില്ല.

5. പ്രോജക്ടിന്റെ വർക്കിങ് ഗ്രൂപ്പ് മോണിറ്ററിങ് , സോഷ്യൽ ഓഡിറ്റ് എന്നിവ നടന്നിട്ടില്ല.

6. 6.5.2017 തിയ്യതിയിലെ പൊതുമരാമത്ത് വർക്കിങ് ഗ്രൂപ്പ് യോഗത്തിന്റെ മിനുട്സിൽ, ഉപയോഗശൂന്യമായ തെരുവ് വിളക്കുകൾക്ക് വേണ്ടി ആയിരക്കണക്കിന് രൂപ കെ.എസ്.ഇ.ബി ക്ക് അടക്കുന്നത് അവസാനിപ്പിച്ച് തെരുവ് വിളക്കുകൾ നന്നാക്കണമെന്ന് രേഖപ്പെടുത്തിയതായി കാണുന്നു. എന്നാൽ ഇക്കാര്യം മേൽ പ്രോജക്ട് നടപ്പാക്കുമ്പോൾ പരിഗണിച്ചതായി കാണുന്നില്ല.

അപാകതകൾ വിശദീകരിക്കേണ്ടതാണ്.

## 3-2 വികസന കാര്യ സ്റ്റാൻഡിങ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകൾ -അപാകതകൾ

2017−18 വർഷത്തിൽ അസി.എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകൾ പരിശോധിച്ചു. ആകെ 81 പൊതുമരാമത്ത് പ്രോജക്ടുകൾക്ക് തുക വകയിരുത്തിയതിൽ 44 എണ്ണത്തിനു മാത്രമേ 2017-18 സാമ്പത്തിക വർഷത്തിൽ തുക ചെലവഴിച്ചിട്ടുള്ളൂ. 37 എണ്ണം പ്രോജക്ടുകൾക്ക് വകയിരുത്തിയ തുക ചെലവഴിക്കുവാൻ സാധിച്ചിട്ടില്ല. അതായത് 54.3% ശതമാനം പ്രോജക്ടുകൾക്ക് മാത്രമേ തുക ചെലവഴിക്കുവാൻ സാധിച്ചിട്ടുള്ളൂ. പാഴായിപ്പോയ വകയിരുത്തലുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വികസന ഫണ്ട് പൊതു വിഭാഗം (രൂ) | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (രൂ) | ലോക ബാങ്ക് ധന സഹായം (രൂ) | കേന്ദ്രാ വിഷ്കൃത ഫണ്ട് (രൂ) | ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് (രൂ) | MG (R) (രൂ) | MG (NR) (രൂ) |
|---|---|---|---|---|---|---|---|
| 1. | 2034186 | 1712636 | 100000 | 1660000 | 200000 | 3741932 | 200000 |

ആകെ : 9648754 രൂ

ഡി.പി.സി അംഗീകാരം ലഭിച്ച ശേഷം പ്രോജക്ടുകൾ സാങ്കേതികാനുമതിക്ക് അയക്കുന്നതിലും സാങ്കേതികാനുമതി ലഭിച്ച ശേഷം ടെണ്ടർ ക്ഷണിക്കുന്നതിലും വന്ന കാലതാമസം കൊണ്ടാണ് മിക്കപ്രോജക്ടുകളും കൃത്യസമയത്തിനകം നടപ്പാക്കാൻ

ആകാതെ പോയത്.പ്രോജക്ടുകളുടെ മോണിറ്ററിങ് നടത്തുന്നതിൽ പൊതുമരാമത്ത് വർക്കിങ് ഗ്രൂപ്പിന്റെ പ്രവർത്തനം ഒട്ടും ഫലപ്രദമായിരുന്നില്ല. 2017-18 വർഷത്തിൽ വെറും 4 തിയ്യതികളിലാണ് പൊതുമരാമത്ത് വർക്കിങ് ഗ്രൂപ്പ് കൂടിയത്. മിനുട്സ് ബുക്ക് പരിശോധിച്ചതിൽ പ്രവൃത്തികളുടെ പേരുകൾ നിർദ്ദേശിക്കുന്നതല്ലാതെ അവയെക്കുറിച്ച് എന്തെങ്കിലും ചർച്ചനടന്നതായോ, പൊതുമരാമത്ത് പ്രവൃത്തികൾ സാമ്പത്തിക വർഷത്തിൽ തന്നെ നടപ്പാക്കാൻ ഉതകുന്ന തരത്തിലുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങൾ ഉയർന്ന് വന്നതായോ പ്രോജക്ടുകളുടെ മോണിറ്ററിങ് നടത്തിയതായോ കാണുന്നില്ല. കാണുന്നില്ല. വികസന കാര്യ സ്റ്റാൻഡിങ് കമ്മിറ്റി പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയെങ്കിലും ആയതൊന്നും ഫലപ്രാപ്തിയിൽ എത്തിയില്ല.

പൊതുമരാമത്ത് പ്രോജക്ടുകൾ പരിശോധിച്ചതിൽ കണ്ട പൊതുവായ ചില അപാകതകൾ താഴെപ്പറയുന്നു.

(I) ഭാഗികമായ പ്രോജക്ടുകൾ - സ്പെസിഫിക്കേഷന് വിരുദ്ധമായവ - ഏറ്റെടുത്ത് നടപ്പാക്കുന്നു. താഴെപ്പറയുന്ന പ്രോജക്ടിന്റെ വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 191/18 |
| പ്രോജക്ട് | കെ.വി. നാരായണൻ മാസ്റ്റർ ലൈബ്രറി റോഡ് നിർമ്മാണം |
| ചെലവഴിച്ച തുക | 49220 രൂ |
| ഫണ്ട് | തനത്ഫണ്ട് |
| വൌച്ചർ നമ്പർ, ചെക്ക് നമ്പർ ,തുക | 21701237/3.18 , 9463443/31.3.18, 49220 രൂ |
| എം.ബുക്ക് നമ്പർ | 31/16-17 |
| പൂർത്തിയാക്കിയ പ്രവൃത്തി മൂല്യം | 49220 രൂ |
| ടി.എസ് നമ്പർ | 1019122/17-18ൻ |

“construction of sub grade and earthen shoulders ”എന്ന പ്രവൃത്തി മാത്രമാണ് മേൽ പ്രോജക്ട് പ്രകാരം ഉൾപ്പെടുത്തി പൂർത്തീകരിച്ചത്. 85 മീറ്റർ നീളം, 3 മീറ്റർ വീതി, .5 മീറ്റർ കനം എന്ന തോതിലാണ് 39.22 % കോസ്റ്റ് ഇൻഡക്സോട് കൂടി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി പൂർത്തീകരിച്ചത്. MORD സ്പെസിഫിക്കേഷന് വിരുദ്ധമായാണ് പ്രവൃത്തി നടപ്പാക്കിയത്. മാത്രവുമല്ല ഭാഗികമായ പൊതുമരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുവാൻ പാടില്ലാത്തതാണ്.

II) പ്രവൃത്തി പൂർത്തിയായെങ്കിലും ബിൽ തയ്യാറാക്കി തുക നല്കുന്നതിൽ കാലതാമസം

താഴെപ്പറയുന്ന പ്രോജക്ടിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 0039/18 |
| പ്രോജക്ട് | 48 -ാം നമ്പർ അങ്കണവാടി നവീകരണം |
| വകയിരുത്തിയ തുക | 3 ലക്ഷം രൂ |
| ചെലവഴിച്ച തുക | 240399 രൂ |
| എം.ബുക്ക് നമ്പർ | 238/15-16 , 168/15-16 |
| എം.ബുക്ക് പ്രകാരം അവസാനമായി അളവ് എടുത്തത് | 24.6.16 |
| ട്രഷറി ബിൽ നമ്പർ, തിയ്യതി ,തുക | 6/17-18 , 31.7.17 , 240399 രൂ |
| കരാറുകാരൻ | ശ്രീ.എം.അബ്ദുൾ ഗഫൂർ |

പൂർത്തിയാക്കിയ പ്രവൃത്തിക്ക് തുക നല്കാൻ വൈകിയതിന്റെ കാരണം വ്യക്തമല്ല.

(III) ഡ്രെയിനേജ് ഇല്ലാതെ റോഡ് പ്രവൃത്തി

2017-18 പൂർത്തിയാക്കിയ മലോൽപാറ കറിയാടൻകണ്ടി റോഡ് പ്രവൃത്തിയുടെ വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 116/18 |
| പ്രോജക്ട് | മലോൽപാറ – കറിയാടൻകണ്ടി റോഡ് പ്രവൃത്തി |
| വകയിരുത്തിയ തുക | 450000 രൂ |
| ചെലവഴിച്ച തുക | 449563 രൂ |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) |
| ട്രഷറി ബിൽ നമ്പർ ,തിയ്യതി , തുക | 44/17-18, 28.3.18, 449563 രൂ |
| സ്റ്റാൻഡിങ് കമ്മിറ്റി ശുപാർശ | 12/2017 , 18.5.17 |
| ഭരണാനുമതി | 1/17 , 22.5.17 |
| SOR , C.I | DSR 2014 , 42.16% |
| എം.ബുക്ക് നമ്പർ | 34/16-17 |

എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം റോഡിൽ വെള്ളം കെട്ടിനില്ക്കുന്നതും മഴക്കാലങ്ങളിൽ നല്ല പോലെ വെള്ളത്തിന്റെ ഒഴുക്കുള്ളതുമാണ്. എന്നാൽ ഡ്രെയിനേജ് സൗകര്യം നല്കാതെ റോഡ് ഉയർത്തി കോൺക്രീറ്റ് നല്കുന്ന പ്രവൃത്തിയാണ് ഇവിടെ വിഭാവനം ചെയ്ത് നടപ്പാക്കിയത്. ചെയ്ത പ്രവൃത്തിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | പ്രവൃത്തി | അളവ് | നിരക്ക് | തുക |
|---|---|---|---|---|

| നമ്പർ | | | | (രൂ) |
|---|---|---|---|---|
| 1. | GSB പ്രവൃത്തി | 28.5 എം$^3$ | 2156.81 രൂ/എം$^3$ | 61469 |
| 2. | കോൺക്രീറ്റിങ് 1:2:4 | 42.75 എം$^3$ | 8020 രൂ/എം$^3$ | 342855 |
| 3. | മണ്ണിട്ട് നിറക്കൽ | 104.4 എം$^3$ | 433.32രൂ/എം$^3$ | 45238.61 |

ആകെ. 449563 രൂ

(IV) പ്രവൃത്തി പൂർത്തിയായെങ്കിലും നിർമ്മിച്ച ആസ്തി കൊണ്ട് പ്രയോജനമില്ലാതെ ഇപ്പോഴും പൂട്ടിക്കിടക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 033/18 |
| പ്രോജക്ട് | കുടുംബശ്രീ വിപണന കേന്ദ്രം |
| വകയിരുത്തിയ തുക | 1 ലക്ഷം രൂ |
| ചെലവഴിച്ച തുക | 83070 രൂ |
| ഫണ്ട് | വികസന ഫണ്ട് - പൊതുവിഭാഗം |
| ട്രഷറി ബിൽ നമ്പർ , തിയ്യതി , തുക | 15/17-18 , 26.3.18 , 83070 രൂ |
| എം.ബുക്ക് നമ്പർ | 5/16-17 |
| പൂർത്തീകരിച്ച പ്രവൃത്തിമൂല്യം | 83070 രൂ |

| | |
|---|---|
| പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി | 25.4.17 |

പഞ്ചായത്ത് ഓഫീസിന് മുമ്പിലായി ഓഫീസ് കെട്ടിടത്തിൽത്തന്നെ കുടുംബശ്രീ വിപണന കേന്ദ്രം ഒരുക്കുന്നതിനാണ് തുക ചെലവഴിച്ചത്. പ്രവൃത്തി പൂർത്തീകരിച്ച് തുക കരാറുകാരന് നല്കിയെങ്കിലും നിർമ്മിച്ച ആസ്തി ഓഡിറ്റ് പരിശോധന സമയത്തും പൂട്ടികിടക്കുകയാണ്. കാരണം വ്യക്തമല്ല.

(V) എസ്റ്റിമേറ്റിൽ നിന്നും ഇനങ്ങൾ ഒഴിവാക്കിയും അളവിൽ കുറച്ചും പ്രവൃത്തി നടപ്പാക്കി , റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയില്ല.

താഴെപ്പറയുന്ന പ്രോജക്ടിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 173/18 |
| പ്രോജക്ട് | കക്കാട്ട്മുക്ക് - ചാത്തോത്ത് മുക്ക് റോഡ് അഭിവൃദ്ധിപ്പെടുത്തൽ |
| വകയിരുത്തിയ തുക | 5 ലക്ഷം രൂ ( 350000 ലക്ഷം രൂ ലോകബാങ്ക് ധനസഹായം , 150000 രൂ തനത്ഫണ്ട് ) |
| ചെലവഴിച്ച തുക | 327273 രൂ |
| ട്രഷറി ബിൽ നമ്പർ, തിയ്യതി, തുക | 17/17-18 , 17.10.17 , 27273 രൂ<br>18/17-18 , 17.10.17 , 300000 രൂ |
| എം.ബുക്ക് നമ്പർ | 69 / 14-15 |
| സൈറ്റ് കൈമാറിയ തിയ്യതി | 6.1.15 |
| പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി | 13.5.15 |

| | |
|---|---|
| പൂർത്തീകരിച്ച പ്രവൃത്തി മൂല്യം | 327273 രൂ |
| കരാറുകാരൻ | എളയിടം കോൺട്രാക്റ്റ് ആൻഡ് കൺസ്ട്രക്ഷൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് |

എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം 151 മീറ്റർ നീളത്തിൽ 2.7 മീറ്റർ വീതിയിൽ റോഡ് കോൺക്രീറ്റും കൾവർട്ട് നിർമ്മാണവും ചേർന്നതാണ് പ്രവൃത്തി. ഈ പ്രവൃത്തിക്കാണ് 30.10.2014 ലെ 377/എ.ഇ.ഇ/ടി.ബി.പി/2014-15 പ്രകാരം സാങ്കേതികാനുമതി ലഭിച്ചത്. എന്നാൽ കൾവർട്ട് നിർമ്മാണം ഒഴിവാക്കിയും ബാക്കി പ്രവൃത്തിയിൽ അളവിൽ കുറവ് വരുത്തിയുമാണ് പ്രോജക്ട് പൂർത്തിയായത്.കുറവ് വന്ന പ്രവൃത്തിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ (estt. പ്രകാരം) | പ്രവൃത്തി | എസ്റ്റിമേറ്റ് പ്രകാരം ചെയ്യേണ്ട അളവ് | എം.ബുക്ക് പ്രകാരം ചെയ്തത് | നിരക്ക് | തുക (രൂ) |
|---|---|---|---|---|---|
| 1. | Sectioning 150 m.m and forming surface of old road | 408 $m^2$ | 408 $m^2$ | 108 രൂ/10എം$^2$ | 4406 |
| 3. | Concrete 1:4:8 using 40 m.m broken stone for road only | 40.77 $m^3$ | 30.032 $m^3$ | 5598രൂ/എം$^3$ | 168119 |
| 4. | Concrete 1:3:6 using 60% of 40 m.m broken stone and | 1.5 $m^3$ | Not done | - | - |

| | | | | | |
|---|---|---|---|---|---|
| | 40% of 20 m.m | | | | |
| 5. | RCC 1:2:4 using 20 m.m for road only | 30.58 $m^3$ | 19.814 $m^3$ | 78.1രൂ/10 $dm^3$ | 154747.34 |

ആകെ: 327273 രൂ

എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ചുകൊണ്ട് പ്രവൃത്തികൾ ഒഴിവാക്കിയെങ്കിലും റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയതായി കാണുന്നില്ല.

(VI) Mix Seal Surfacingപ്രവൃത്തി - MORD സ്പെസിഫിക്കേഷന് വിരുദ്ധമായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നു.

താഴെപ്പറയുന്ന റോഡ് പ്രവൃത്തിയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 127/18 |
| പ്രോജക്ട് | മടപ്പള്ളി - തയ്യിൽ - പേരോർകണ്ടി റോഡ് |
| ചെലവഴിച്ച തുക | 250000 രൂ , വികസനഫണ്ട് |
| ടി.എസ് നമ്പർ, എസ്റ്റിമേറ്റ് നമ്പർ | 40415/2017-18 , 2017/53802 |
| ബാധകമായ സ്പെസിഫിക്കേഷൻ , കോസ്റ്റ് ഇൻഡക്സ് | MORD , 42.16% |
| എം.ബുക്ക് നമ്പർ | 247/15-16 , 249/15-16 |
| ട്രഷറി ബിൽ നമ്പർ, തിയ്യതി, തുക | 31/17-18 , 28.2.18 , 250000 രൂ |

എസ്റ്റിമേറ്റ് ഇനം നമ്പർ 6 പ്രകാരം ചെയ്തിരിക്കുന്നത് മിക്സഡ് സീൽ സർഫസിങ് പ്രവൃത്തിയാണ്.ഈ ഇനത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് PRICE സോഫ്റ്റ് വെയർ പ്രകാരമാണ്. ഇതിൽ ലഭ്യമായ

മോർഡ് സ്പെസിഫിക്കേഷൻ എസ്.ഒ.ആർ കോഡ് നമ്പർ 75.5.11.1.A.2pb പ്രകാരമാണ് പ്രസ്തുത ഇനത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ഇത് പ്രകാരം " mix seal surfacing – manual means – Type A – Bitumen S-65 – packed ...etc ”എന്നത് പ്രകാരമാണ്. ഇതനുസരിച്ച് 360 എം$^2$ അളവിന് 204.74 രൂ / എം$^2$ എന്ന നിരക്കിൽ 73706.4 രൂ യാണ് എം.എസ്.എസ് പ്രവൃത്തിക്ക് മാത്രം നല്കിയത്.

എന്നാൽ MORD സ്പെസിഫിക്കേഷൻ നമ്പർ 507 ആണ് മിക്സ് സീൽ പ്രവൃത്തിക്ക് ബാധകമായിട്ടുള്ളത്.

ഇതിൽ 507.3 construction operations പ്രകാരം "...laying of mix seal surfacing shall be carried out by a mechanical paver ”എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. സ്പെസിഫിക്കേഷന് വിരുദ്ധമായി manual means രീതി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തിയത് വിശദീകരിക്കേണ്ടതാണ്.

(VII) എസ്റ്റിമേറ്റിലധികം പ്രവൃത്തി ചെയ്തു - അധികം ചെയ്ത പ്രവൃത്തിക്ക് മാത്രമായി എസ്റ്റിമേറ്റ് തയ്യാറാക്കി ടി.എസ് വാങ്ങി - ആദ്യത്തെ എസ്റ്റിമേറ്റ് റിവൈസ് ചെയ്തില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 127/18 |
| പ്രോജക്ട് | മടപ്പള്ളി തയ്യിൽ - പേരോർകണ്ടിറോഡ് |
| വകയിരുത്തിയ തുക | 3 ലക്ഷം രൂ |
| ചെലവഴിച്ച തുക | 2.5 ലക്ഷം രൂ |
| ഫണ്ട് | വികസന ഫണ്ട് |
| ട്രഷറി ബിൽ നമ്പർ,തിയ്യതി,തുക | 31/17-18 , 28.2.18, 250000 രൂ |
| ടി.എസ് നമ്പർ , എസ്റ്റിമേറ്റ് നമ്പർ,തുക (ആദ്യത്തേത്) | ടി.എസ് നമ്പർ 40415/2017-18 , 2017/53802, 250000 രൂ |

| | |
|---|---|
| എഗ്രിമെന്റ് നമ്പർ | എ.ഇ /എൽ.എസ്.ജി.ഡി/ പി.ജി.പി/03/17-18,28.01.18 |
| കരാറുകാരൻ | ശ്രീ.പി.പി ബാലൻ |

ടി.എസ് ലഭിച്ച മേൽ എസ്റ്റിമേറ്റ് പ്രകാരം ചെയ്യേണ്ട പ്രവൃത്തികൾ താഴെപ്പറയുന്നു. (എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരമുള്ള 100 മീറ്റർ WMM , tarring , 32മീറ്റർ ഐെറിഷ് ഡ്രെയിൻ രണ്ടുവശത്തും എന്നീ പ്രവൃത്തികൾക്കാണ് MORD സ്പെസിഫിക്കേഷനിൽ 42.16% കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയത്.)

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര്, PRICE സോഫ്റ്റ് വെയറിൽ നല്കിയത് പ്രകാരമുള്ള മോർഡ് കോഡ് നമ്പർ | ചെയ്യേണ്ട പ്രവൃത്തിയുടെ അളവ് | നിരക്ക് | ആകെ തുക (രൂ) |
|---|---|---|---|---|
| 1. | Compacting ground, (3.15.2 ) | 60 $m^3$ | 54.52 രൂ/എം3 | 3271.2 |
| 2. | Granular sub base course, (4.11.2) | 4.05$m^3$ | 2201.93 രൂ/എം3 | 8917.82 |
| 3. | WMM, (4.9) | 45 $m^3$ | 3089.51 രൂ/എം3 | 139027.95 |
| 4. | Primer coat | 300 $m^2$ | 39.23 | 11769 |

| | | | | | |
|---|---|---|---|---|---|
| | bitumen emulsionn(SS-1), (75.5.1.1.pb) | | രൂ/എം2 | | |
| 5. | Tack coat, (75.5.2.3pb) | 300 $m^2$ | 13.45രൂ/എം$^2$ | 4035 | |
| 6. | MSS, (75.5.11.1.A.2pb) | 300 $m^2$ | 204.74 രൂ/എം$^2$ | 61422 | |
| 7. | Providing concrete, (11.4.3.1) | 2.561 $m^3$ | 8189.36 രൂ/എം$^2$ | 20972.95 | |
| 8. | L.S | | – | | 584 |

ആകെ . 250000 രൂ

എം.ബുക്ക് നമ്പർ 247/17-18 പ്രകാരം പൂർത്തീകരിച്ച പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി ക്രമ നമ്പർ (എസ്റ്റി. പ്രകാരമുള്ളത്) | അളവ് | നിരക്ക് | ആകെ തുക (രൂ) |
|---|---|---|---|---|
| 1. | 1 | 60 എം$^3$ | 54.52 രൂ/എം$^3$ | 3271.2 |
| 2. | 2 | 4.05 എം$^3$ | 2201.93 രൂ/എം$^3$ | 8917.82 |
| 3. | 3. | 54 എം$^3$ | 3089.51 രൂ/എം$^3$ | 166833.54 |
| 4. | 4. | 360 എം$^2$ | 39.23 രൂ/എം$^2$ | 14122.8 |

| | | | | |
|---|---|---|---|---|
| 5. | 5 | 360 എം$^2$ | 13.45രൂ/എം$^2$ | 4842 |
| 6. | 6 | 360 എം$^2$ | 204.74 രൂ/എം$^2$ | 73706.4 |
| 7. | 7 | 3.27 എം$^2$ | 8189.36 രൂ/എം$^2$ | 26779.21 |

ആകെ : 298473 രൂ

പരിമിതപ്പെടുത്തിയ തുക : 250000 രൂ

(ട്രഷറി ബിൽ നമ്പർ 31/17-18 പ്രകാരം പിൻവലിച്ച് ചെലവഴിച്ചു.)

എസ്റ്റിമേറ്റിൽ അധികരിച്ച് ചെയ്ത പ്രവൃത്തികൾക്ക് മാത്രമായി 2018/13442 നമ്പർ എസ്റ്റിമേറ്റ് തയ്യാറാക്കുകയും 110391/2017-18 നമ്പർ ടി.എസ് വാങ്ങുകയും ചെയ്ത ശേഷം എം.ബുക്ക് നമ്പർ 249/15-16 ൽ രേഖപ്പെടുത്തി , 31.3.18 ലെ 50/17-18 നമ്പർ ട്രഷറി ബിൽ തയ്യാറാക്കി സമർപ്പിച്ചതായി കാണുന്നു. എന്നാൽ ക്യൂ .ലിസ്റ്റിൽ ഉൾപ്പെട്ടതിനാൽ 2017-18 വർഷം തുക പിൻവലിക്കുവാൻ കഴിഞ്ഞില്ല. പിന്നീട് 2018-19 സാമ്പത്തിക വർഷത്തിൽ 139/18-19 നമ്പർ പ്രോജക്ട് തയ്യാറാക്കി 19.5.18 ലെ 3/18-19 നമ്പർ ട്രഷറി ബിൽ പ്രകാരം 49599 രൂ പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്.

2017/53802 നമ്പർ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് 3ലക്ഷം രൂ യുടെ പ്രവൃത്തിക്ക് സാങ്കേതികാനുമതി വാങ്ങി നടപ്പാക്കുന്നതിന് പകരം അധികം ചെയ്ത പ്രവൃത്തിക്ക് മാത്രം എസ്റ്റിമേറ്റ് തയ്യാറാക്കി ടി.എസ് വാങ്ങിV പ്രോജക്ട് പൂർത്തീകരിക്കുകയാണ് ചെയ്തിട്ടുള്ളത്.

അപാകതകൾ വിശദീകരിക്കേണ്ടതാണ്.

(VIII) 23.11.2018 തിയ്യതിയിലെ ഓഡിറ്റ് റിക്വിസിഷൻ നമ്പർ 2/2017 -18 പ്രകാരം ആവശ്യപ്പെട്ടതാണെങ്കിലും ശിശുമന്ദിരം അറ്റകുറ്റപ്പണികൾ സംബന്ധിച്ച 37/18 പ്രോജക്ട് നമ്പർ ഫയൽ പരിശോധനക്ക് ലഭിച്ചില്ല. ഈ പ്രോജക്ടിൽ തനത് ഫണ്ടിൽ നിന്ന് 79349 രൂപയും മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ഫണ്ടിൽ നിന്ന് 3 ലക്ഷം രൂപയും 2017-18 സാമ്പത്തികവർഷം ചെലവുള്ളതാണ്. ഫയൽ എത്രയും പെട്ടെന്ന് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## **3-3** <u>ക്ഷീര കർഷകർക്ക് മിൽക്ക് ഇൻസെന്റീവ് ഗുണഭോക്താക്കൾക്ക് തുക നൽകിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.ചെലവ് തുക **7,68,254/-**രൂപ തടസ്സത്തിൽവെക്കുന്നു</u>

പുറമേരി ഗ്രാമ പഞ്ചായത്തിൽ വെറ്റിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥയായി

നടപ്പിലാക്കിയ മിൽക്ക് ഇൻസെന്റീവ് ഫോർ ഫാർമേഴ്സ് ത്രൂ കോ-ഓപ്പറേറ്റീവ് സൊസൈറ്റിസ് എന്ന പദ്ധതിക്ക് 2017-18ൽ 7,68,254/-രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ നൽകുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര് | അടങ്കൽ | | ചെലവ് | |
|---|---|---|---|---|---|
| 1 | മിൽക്ക് ഇൻസെന്റീവ് ഫോർ ഫാർമേഴ്സ് ത്രൂ കോ-ഓപ്പറേറ്റീവ് സൊസൈറ്റിസ് | വികസന ഫണ്ട് | 70,000/-/- | വികസന ഫണ്ട് | 70,000/- |
| | | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 7,00,000/- | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 6,98,254/- |

ഗ്രാമപഞ്ചായത്തിൽ 2017-18 വർഷം മിൽക്ക് ഇൻസെന്റീവ് ഫോർ ഫാർമേഴ്സ് ത്രൂ കോപ്പറേറ്റീവ് സൊസൈറ്റികൾ എന്ന പദ്ധതിക്ക് വികസനഫണ്ട്, ബ്ലോക്ക് പഞ്ചായത്ത് വിഹിതം എന്നീ ഫണ്ടുകളിൽ നിന്നായി 7,68,254/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് നൽകുന്നതിന് വേണ്ടി വിലാദപുരം ക്ഷീരോത്പാതക സഹകരണസംഘം, കല്ലമ്പലം ക്ഷീരോത്പാതക സഹകരണസംഘം, അരൂർ ക്ഷീരോത്പാതക സഹകരണസംഘം എന്നീ സൊസൈറ്റികൾക്കാണ് തുക നൽകിയത്. വിലാദപുരം ക്ഷീരോത്പാതക സഹകരണ സംഘത്തിന്റെ കോഴിക്കോട് ജില്ലാബാങ്കിലെ അക്കൗണ്ട് നം 100241201700007ലേക്ക് 3,27,025/ രൂപയും, കല്ലമ്പലം ക്ഷീരോത്പാതക സഹകരണസം ഘത്തിന്റെ എസ്.ബി.ഐ. ശാഖയിലുള്ള അക്കൗണ്ട്നം 67194101088 ലേക്ക് 3,61,951/-രൂപയും, അരൂർ ക്ഷീരോത്പാതക സഹകരണ

സംഘത്തിന്റെ എസ്.ബി.ഐ. ശാഖയിലുള്ള അക്കൌണ്ട്നം.67367530319 ലേക്ക് 79,278/-രൂപയും ആണ് കൈമാറിയത്. ആകെ 7,68,254/-രൂപ. എന്നാൽ തുകകൾ ക്ഷീരോത്പാതക സഹകരണ സംഘങ്ങൾക്ക് കൈമാറിയെങ്കിലും ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് ആനുകൂല്യം ലഭ്യമായതിന്റെ രേഖകൾ പരിശോധയ്ക്ക് ഹാജരാക്കിയിട്ടില്ല. ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.

## **3-4** പ്രോജക്ട് പത്രികയിൽ വിഭാവനം ചെയ്യതിനനുസരിച്ച് ഫണ്ട് വിനിയോഗം നടത്തുന്നില്ല

പ്രോജക്ട് പത്രികയിൽ വിഭാവനം ചെയ്യതിനനുസരിച്ച് ഫണ്ട് വിനിയോഗം നടത്തുന്നില്ല

പുറമേരി ഗ്രാമ പഞ്ചായത്തിൽ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായ പൂരക പോഷകാഹാര പരിപാടി എന്ന പദ്ധതിക്ക് 2017-18 വർഷം വികസന ഫണ്ടിൽ നിന്ന് 16,60,000/- രൂപയും കേന്ദ്രാവിഷ്കൃത വിഹിതമായി 10,00,000/- രൂപയും ചേർത്ത് ആകെ 26,60,000/- രൂപ വകയിരുത്തിയിട്ടുണ്ട്. ആകെ വകയിരുത്തിയ 26,60,000/- രൂപയിൽ തൻവർഷം 16,56,275/- രൂപ ചെലവഴിച്ചിട്ടുണ്ട് . പൂരക പോഷകാഹാര പരിപാടി എന്ന പദ്ധതിക്ക് 2017-18 വർഷം തുക വകയിരുത്തിയതിന്റെയും, ചെലവഴിച്ചതിന്റെയും വിശദാംശങ്ങൾ താഴെ നൽകുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര് | അടങ്കൽ വികസനഫണ്ട് കേന്ദ്രാവിഷ്കൃതം | | ചെലവ് വികസനഫണ്ട് കേന്ദ്രാവിഷ്കൃതം | |
|---|---|---|---|---|---|
| 1 | പൂരക പോഷകാഹാര പരിപാടി | ന്യൂട്രിമിക്സ്} 3,50,000 വാങ്ങൽ | ന്യൂട്രിമിക്സ്} 2,00,000 വാങ്ങൽ | ന്യൂട്രിമിക്സ്} 5,53,952/- | ------ |
| | | മാവേലി സ്റ്റോറിൽ നിന്ന് സാധനങ്ങൾ വാങ്ങൽ | മാവേലി സ്റ്റോറിൽ നിന്ന് സാധനങ്ങൾ വാങ്ങൽ | മാവേലി സ്റ്റോറിൽ നിന്ന് സാധനങ്ങൾ വാങ്ങൽ | മാവേലി സ്റ്റോറിൽ നിന്ന് സാധനങ്ങൾ വാങ്ങൽ |

| | | | | | |
|---|---|---|---|---|---|
| | | 12,00,000/- | 12,00,000/- | 8,94,347/- | 2,05,156/- |
| | | കയറ്റിറക്ക് കൂലി 50,000/- | കയറ്റിറക്ക് കൂലി 50,000/- | കയറ്റിറക്ക് കൂലി 88,992/-/- | ------ |
| | | മറ്റ് ചെലവുകൾ 60000/- | മറ്റ് ചെലവുകൾ 50000/- | മറ്റ് ചെലവുകൾ 1,18,984 | ------ |
| | ആകെ | 16,60,000 | 10,00,000 | 1656275 | 205156 |

ഗ്രാമപഞ്ചായത്തിൽ 2017-18 വർഷം പൂരക പോഷകാഹാരത്തിന് ഉള്ള കേന്ദ്രവിഹിതമായി 6,71,600/-രൂപ ലഭ്യമായിട്ടുണ്ട്. മുൻബാക്കിയായ 99,143 /- രൂപയും ചേർത്ത് ആകെയുള്ള 7,70,733/-രൂപയിൽ തൻവർഷം 2,05,156/-രൂപ മാത്രമാണ് ചെലവഴിച്ചത്. കേന്ദ്രവിഹിതം ആനുപാതികമായി ചെലവഴിക്കേണ്ടതാണ്.

ഗ്യാസ് സബ്സിഡി തുക വികസന ഫണ്ടിൽ തിരിച്ചടക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 31 അംഗൻ വാടിയിൽ 27 എണ്ണത്തിൽ ഗ്യാസ് കണക്ഷൻ ഉള്ളതിൽ 6എണ്ണത്തിൽ സബ്സിഡി ഉള്ള കണക്ഷനും 21എണ്ണത്തിൽ സബ്സിഡി ഇല്ലാത്ത കണക്ഷനുമാണ് നിലവിലുള്ളത്. 2017-18ൽ ഗ്യാസ് വാങ്ങിയതിന് 54,465/-രൂപ വികസന ഫണ്ടിൽനിന്ന് ചെലവഴിച്ചിട്ടുണ്ട്. ഇതിൽ സബ്സിഡിയുള്ള ഗ്യാസ് കണക്ഷന് നൽകിയ 5,165.5/-രൂപയിൽ 1,457.62/- രൂപ സബ്സിഡിയായി ലഭിച്ച തുകയാണ്. വിശദാംശങ്ങൾ താഴെ നൽകുന്നു.

| ക്രമനം | സബ്സിഡി ഇനത്തിൽ ഗ്യാസ് വാങ്ങിയ അങ്കണവാടിയുടെ നം | ഗ്യാസിന്റെ വിലയായി വികസന ഫണ്ടിൽ നിന്ന് | സബ്സിഡി തുക | ബിൽനം .തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | നൽകിയ തുക | | |
| 1 | 39 | 671/- | 150.72/- | 174027- 3.10.2017 |
| 2 | 134 | 729/- | 191.15/- | 320169-6.3.2018 |
| 3 | 45 | 671/- | 150. 72/- | 189663-18.10.2017 |
| 4 | 133 | 764/- | 239.64/- | 217063-17.11.2017 |
| 5 | 136 | 770/- | 245.14/- | 228977/-1.12.2017 |
| 6 | 134 | 785/- | 245.14/- | 228976-1.12.2017 |
| 7 | 48 | 775/- | 235.11/- | 294174-5.2.2018 |
| | | 5165 | 1457.62 | |

1457.62/- രൂപയുടെ സബ്സിഡി തുക വികസന ഫണ്ടിൽ തിരിച്ചടച്ചക്കേണ്ടതാണ്.

അങ്കണവാടികളുടെ അടിസ്ഥാന സൗകര്യം

അങ്കണവാടികളുടെ അടിസ്ഥാന സൗകര്യം സംബന്ധിച്ച് ഐ.സി.ഡി.എസ് സൂപ്പർവൈസർ ഓഡിറ്റിന് ഹാജരാക്കിയ റിപ്പോർട്ട് പരിശോധിച്ചതിൽ താഴെ പറയുന്ന കാര്യങ്ങൾ വ്യക്തമാവുന്നു.

ഗ്രാമ പഞ്ചായത്തിൽ ആകെയുള്ള 31 അങ്കണവാടിയിൽ 19എണ്ണത്തിന് മാത്രമാണ് സ്വന്തമായി കെട്ടിടമുള്ളത്. 9 എണ്ണം വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവയാണ്. 2എണ്ണം പഞ്ചായത്ത് കെട്ടിടത്തിലും ഒരെണ്ണം താത്ക്കാലിക ഷെഡ്ഡിലും പ്രവർത്തിക്കുന്നവയാണ്.

കൂടാതെ ആകെയുള്ള 31 അങ്കണവാടിയിൽ 27എണ്ണത്തിന് ടോയിലറ്റ് മാത്രമാണ് സൗകര്യമുള്ളത്.

4 എണ്ണം ടോയിലറ്റ് സൗകര്യം ഇല്ലാത്തതാണ്. 23 എണ്ണത്തിൽ വൈദ്യുതി സൗകര്യം ഉണ്ട്. 8 എണ്ണത്തിന് വൈദ്യുതി ഇല്ലാത്തവയാണ്. 15 എണ്ണത്തിൽ സ്വന്തമായി

കുടിവെള്ള സൗകര്യമുള്ളവയാണ്. അംഗൻവാടികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് സത്വര നടപടി കൈക്കൊള്ളേണ്ടതാണ്. ഇക്കാര്യത്തിൽ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധനൽകേണ്ടതാണ്.

## 3-5 കിണർ റീചാർജ്ജിംഗ് മോണിറ്ററിംഗ് , എസ്റ്റിമേറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിൽ കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ കിണർ റീചാർജിംഗ് എന്ന പദ്ധതിക്ക് 2017-18ൽ 1,14000/-രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ നൽകുന്നു.

| ക്രമ നം | പ്രോജക്റ്റിന്റെ പേര് / നം | അടങ്കൽ | | ചെലവ് | |
|---|---|---|---|---|---|
| 1 | കിണർ റീചാർജ്ജിംഗ് 167/18 | വികസന ഫണ്ട് | 1,60,881/- | വികസന ഫണ്ട് | 38,000/- |
| | | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 16,000/- | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 38,000/- |
| | | ജില്ലാ പഞ്ചായത്ത് വിഹിതം | 16,000/- | ജില്ലാ പഞ്ചായത്ത് വിഹിതം | 38,000/- |
| | | ഗുണഭോക്തൃ വിഹിതം | 16,000/- | ഗുണഭോക്തൃ വിഹിതം | 28,500/- |
| ഗുണഭോക്തൃ വിഹിതം ഒഴികെ ചെലവഴിച്ച തുക1,14,000/-രൂപ | | | | | |

വികസനഫണ്ട്, ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം എന്നി ഫണ്ടിനങ്ങളിലായി 1,14000/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഒരു ഗുണഭോക്താവിന് 6,000/-

രൂപ എന്ന നിരക്കിൽ 19 ഗുണഭോക്താക്കൾക്കാണ് തുക നൽകിയത്. റീചാർജിംഗ് നടത്തിയതിനുള്ള മോണിറ്ററിംഗ് റിപ്പോർട്ട്, വൗച്ചറുകൾ/ബില്ലുകൾ, എസ്റ്റിമേറ്റ് എന്നിവ ഫയലിൽ ലഭ്യമല്ല. പദ്ധതി മോണിറ്ററിംഗ്, എസ്റ്റിമേറ്റ് എന്നിവ ഇല്ലാതെ ഗുണഭോക്താക്കൾക്ക് തുക നൽകിയത് ചട്ടപ്രകാരമല്ല. അസി എഞ്ചിനീയറുടെ വാല്യുയെഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് തുക വിതരണം ചെയ്തത്. മോണിറ്ററിംഗ് റിപ്പോർട്ട് എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 3-6 നിർവ്വഹണ ഉദ്യോഗഥർ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷിക്കുന്നില്ല.

പുറമേരി ഗ്രാമ പഞ്ചായത്തിൽ വികസനം, ക്ഷേമകാര്യം, ആരോഗ്യം – വിദ്യാഭ്യാസം എന്നീ സ്റ്റാൻഡിംഗ് കമ്മറ്റികളുടെ ചുമതലയിൽ വരുന്ന കൃഷി, മൃഗസംരക്ഷണം, സാമൂഹ്യനീതി, പട്ടികജാതി വികസനം എന്നീ മേഖലകളിലെ നിർവ്വഹണ ഉദ്യോഗസ്ഥർ പദ്ധതികൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട രേഖകൾ സൂക്ഷിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ നൽകുന്നു.

1) കൃഷി ഓഫീസർ

വികസന കാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ചുമതലയിൽ വരുന്ന കാർഷീക മേഖലയിലെ നിർവ്വഹണ ഉദ്യോഗസ്ഥയായ കൃഷി ഓഫിസർ 2017-18 വർഷം 15 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

പ്രോജക്ട് രജിസ്റ്റർ, പദ്ധതികൾ പൂർത്തീകരിച്ചതിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ സൂക്ഷിച്ചിട്ടില്ല.

2) വെറ്ററിനറി സർജൻ

പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടിക്ക് (പ്രോജക്ട് നം .73/18) 2017-18 വർഷം വികസനഫണ്ടിൽ നിന്ന് 2,00,000/ രൂപ പിൻവലിച്ചിട്ടുണ്ട്. ( ബിൽ നം 10/18 തീയ്യതി 28.2.18). 16 ഗുണഭോക്താക്കൾക്ക് 12,500/-രൂപ എന്ന നിരക്കിൽ നൽകുന്നതിനു വേണ്ടിയാണ് തുക പിൻവലിച്ചത്. പദ്ധതി നടത്തിപ്പിനായി ഈ തുക അസി.ഡയറക്ടർ. എസ്.എൽ.ബി.പി കോഴിക്കോട് എന്നവരുടെ അക്കൌണ്ടിലേക്കാണ് കൈമാറുകയാണ് ഉണ്ടായത്. എന്നാൽ തുക ചെലവഴിച്ചതിന്റെ വിനിയോഗ വിവരം വാങ്ങി സൂക്ഷിച്ചിട്ടില്ല.

3)സെക്രട്ടറി

എസ്.എസ്.എ വിഹിതം നൽകൽ എന്ന പദ്ധതിക്ക് (പ്രോജക്ട് നം 1/18) വികസന ഫണ്ടിൽ നിന്ന് 4,00,000/-രൂപ പിൻവലിച്ചിട്ടുണ്ട്. (ബിൽനം.4/17-18 തിയ്യതി. 28.8.17)

പിൻവലിച്ച 4,00,000/-രൂപ ജില്ലാ പ്രോജക്ട് ഓഫീസർ എസ്.എസ്.എ കോഴിക്കോട് എന്നവരുടെ അക്കൌണ്ടിലേക്കാണ് നൽകിയത്. എന്നാൽ തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം വാങ്ങി സൂക്ഷിച്ചിട്ടില്ല.

കൂടാതെ നിർവ്വഹണ ഉദ്യോഗസ്ഥരായ കൃഷി ഓഫീസർ, വെറ്റിനറി സർജൻ, അസി.സെക്രട്ടറി, ഐ.സി.ഡി.എസ്.സൂപ്പർവൈസർ, വി.ഇ.ഒ എന്നിവർ ക്യാഷ് കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട സബ്സിഡിയറി രജിസ്റ്റർ, പദ്ധതികൾ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട പ്രോജക്ട് ഫോറം നം 1,2,3 എന്നിവയും എഴുതി സൂക്ഷിച്ചിട്ടില്ല. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട മുഴുവൻ രേഖകൾ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്

## 3-7 ലോഗ് ബുക്ക് അപാകതകൾ

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനത്തിന്റെ ഉപയോഗം, സംരക്ഷണം, നിയന്ത്രണം എന്നിവ കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറിയുടെ ചുമതലയാണ്. പഞ്ചായത്ത് വക കെ.എൽ 18-ജെ-2970 നമ്പറിലുള്ള ജീപ്പിന്റെ ലോഗ്ബുക്ക് പരിശോധിച്ചതിൽ ചുവടെ ചേർത്ത അപാകതകൾ ഓഡിററിന്റെ ശ്രദ്ധയിൽ പെടുകയുണ്ടായി.

1. ജി.ഒ.(എം.എസ്)170/07/ത.സ്വ.ഭ.വ/30.6.2007 പ്രകാരം വാഹനത്തിന്റെ ഇന്ധനക്ഷമതാ പരിശോധന എല്ലാവർഷവും കൃത്യസമയത്ത് നടത്തിക്കേണ്ടതും ഇന്ധനക്ഷമതാ സർട്ടിഫിക്കററ് ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്ത് വക വാഹനത്തിന്റെ ഇന്ധനക്ഷമതാ പരിശോധന 2017-18 വർഷത്തിൽ 28.11.2017ന് നടത്തിയെങ്കിലും ആയതിന്റെ സർട്ടിഫിക്കററ് ലഭ്യമാക്കിയിട്ടില്ല.
2. വാഹനത്തിന്റെ ലോഗ്ബുക്ക് കസ്റ്റോഡിയൻ ഓഫീസർ ഇടയ്ക്കിടെ പരിശോധിക്കേണ്ടതും വാഹനത്തിന്റെ ഉപയോഗം ക്രമപ്രകാരമാണെന്ന് ഉറപ്പുവരുത്തേണ്ടതും പരിശോധിച്ച വിവരം അതിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ 23.1.2018ന ശേഷം സെക്രട്ടറി ലോഗ്ബുക്ക് പരിശോധിച്ച സാക്ഷ്യപ്പെടുത്തിയിട്ടില്ല.
3. തൻമാസത്തെ ഇന്ധന ഉപയോഗത്തെ സംബന്ധിച്ചും യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്ത കുറിപ്പ് ലോഗ്ബുക്കിൽ തൻമാസം അവസാനത്തെ ദിവസംതന്നെ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മാസാന്ത്യ സംക്ഷിപ്തം

ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

വാഹന ഉപയോഗം, സംരക്ഷണം, നിയന്ത്രണം എന്നിവയ്ക്കായി സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് കസ്റ്റോഡിയൻ ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്.

## 3-8 വാട്ടർടാപ്പ് സംയുക്തപരിശോധന നടത്തിയില്ല

ഗ്രാമപഞ്ചായത്ത് പ്രതിമാസം 99 പൊതുടാപ്പുകൾക്കായി 43313 രൂപ വെള്ളക്കരം ഇനത്തിൽ അടവാക്കിവരുന്നു എന്നാൽ ഇത്രയും പൊതുടാപ്പുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നോ എന്നത് സമയബന്ധിതമായി പരിശോധിക്കുന്നില്ല. 23.04.2018ലെ ധനകാര്യസ്റ്റാൻന്റിംഗ് കമ്മിറ്റിയുടെ 57/17-18 നമ്പർ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്തുകളുടെ പൊതുടാപ്പുകളുടെ സംയുക്തപരിശോധന നടത്താൻ തീരുമാനിച്ചതിൻെറ അടിസ്ഥാനത്തിൽ സംയുക്ത പരിശോധന നടത്തുന്നതിന് അസിസ്റ്റൻെറ് എൻജിനിയർ, കേരള വാട്ടർ അതോറിറ്റി,വടകരയ്ക്ക് 23.04.2018ലെ ബി3/1206/18 നമ്പർ കത്ത് പ്രകാരം അറിയിപ്പ് നൽകുകയും ആയതിൻെറ അടിസ്ഥാനത്തിൽ 04.06.2018ലെ എ.ഇ/പി/പബ്ളിക്ക് ടാപ്പ്/2017 നമ്പർ കത്ത് പ്രകാരം അസിസ്റ്റൻെറ് എൻജിനിയർ, കേരള വാട്ടർ അതോറിറ്റി, പി.എച്ച്.സെക്ഷൻ, പുറമേരി ലഭ്യമാക്കിയ ലിസ്റ്റിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തി ലിസ്റ്റ് തിരികെ നൽകുവാൻ ആവശ്യപ്പെട്ടിട്ടും ആയത് നൽകാത്തതിനാൽ സംയുക്ത പരിശോധന നടത്താൻ കഴിഞ്ഞിട്ടില്ല. സമയബന്ധിതമായി പരിശോധന നടത്താത്തതിനാൽ ജലനഷ്ടവും പഞ്ചായത്തിന് ധനനഷ്ടവും ഉണ്ടാകാൻ സാധ്യതയുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. സംയുക്ത പരിശോധന നടത്താൻ ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 തൊഴിൽ രഹിത വേതനം

ഗ്രാമപഞ്ചായത്തിൽ നിന്നും 2017-18 വർഷത്തിൽ 132 ഗുണഭോക്താകൾക്ക് തൊഴിൽരഹിത വേതനം ഇനത്തിൽ 79200 രൂപ ചെലവഴിച്ചിട്ടുണ്ട്. ജി.ഒ.(പി) 23/98/തൊഴിൽ തീയതി, 28-5-1998 പ്രകാരം പ്രതിവർഷ വരുമാനം 12000 രൂപയിൽ അധികരിച്ചാൽ തൊഴിൽ രഹിത വേതനത്തിന് അർഹതയില്ല. നിലവിൽ തൊഴിൽചെയ്യാൻ സന്നദ്ധരായ എല്ലാവർക്കും തൊഴിൽ ലഭ്യമാക്കാനുതകുന്ന വിധത്തിൽ തൊഴിലുറപ്പ് പദ്ധതിയടക്കമുള്ള നിരവധി പദ്ധതികൾ സർക്കാർ നടപ്പാക്കി വരുന്നുണ്ട്. എന്നിരുന്നിട്ടും പ്രതിമാസം 1000 രൂപ വരുമാനമില്ലാത്ത 132

ഗുണഭോക്താക്കൾക്ക് തൊഴിൽ രഹിതവേതനം നല്കിയിട്ടുണ്ട്. ജോലിചെയ്യാൻ മറ്റുവിധത്തിൽ അവശതയുള്ള വിഭാഗങ്ങൾക്ക് അവർക്കർഹമായ പെൻഷനും സർക്കാർ ലഭ്യമാക്കുന്നുണ്ട്. ആയതിനാൽ തൊഴിൽ രഹിതവേതനം കൈപ്പറ്റിവരുന്ന ഗുണഭോക്താകളുടെ വേതനത്തിനുള്ള അർഹത വ്യക്തമായി പരിശോധിച്ച് അനർഹരെ ഒഴിവാക്കുന്നതിനാവശ്യമായ നടപടി ഗ്രാമപഞ്ചായത്ത് സ്വീകരിച്ചതായി കാണുന്നില്ല. ഗ്രാമപഞ്ചായത്ത് കമ്മിറ്റി തൊഴിൽരഹിത വേതനം ലഭിക്കുന്ന ഗുണഭോക്താക്കളുടെ അർഹത പരിശോധിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

## 3-10 ജലനിധി പ്രവർത്തന പുരോഗതി

പുറമേരി ഗ്രാമപഞ്ചായത്തിൽ 2015 ഏപ്രിലിൽ ജലനിധി പദ്ധതിക്ക് തുടക്കംകുറിച്ചു. ആകെ പദ്ധതി അടങ്കൽ 10.38 കോടിരൂപയാണ്. 03.02.2015ന് ആർ.പി.എം.യു/ എം.പി.എം/എ.ജി/ നമ്പർ 39/2015 നമ്പറായി കേരള സർക്കാരും ഗ്രാമപഞ്ചായത്തും കരാർ വെച്ചു. കരാർ വ്യവസ്ഥ പ്രകാരം കാലാവധി 02.02.2017ന് അവസാനിക്കുന്നതാണ്. ഗ്രാമപഞ്ചായത്തിന്റെ 22.05.17ലെ 5(1) തീരുമാനപ്രകാരം പ്രസ്തുത കരാർ കാലാവധി ഒരു വർഷത്തേക്ക് ദീർഘിപ്പിക്കുന്നതിന് തീരുമാനിച്ചു. സെക്രട്ടറിയുടെ 12.10.2017ലെ ബി2/1289/15 നമ്പർ കത്ത് പ്രകാരം എക്സിക്യൂട്ടീവ് ഡയറക്ടർ KRWSAക്ക് നൽകിയ കത്തിൽ കിണറിനും ടാങ്കിനും സ്ഥലം കണ്ടെത്താനുള്ള കാലതാമസം, കാലാവസ്ഥാ വ്യതിയാനം, സാമൂഹികപ്രശ്നങ്ങൾ എന്നീ കാരണങ്ങളാണ് സമയബന്ധിതമായി പ്രൊജക്ട് പൂർത്തീകരക്കുന്നതിന് തടസ്സമായതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കമ്മീഷൻ ചെയ്യാത്ത പ്രൊജക്ടുകൾ കമ്മീഷൻ ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. കരാർ കാലാവധി കഴിഞ്ഞ് കരാർ പുതുക്കുന്നതിന് ഭരണസമിതി തീരുമാനിച്ചെങ്കിലും ആയത് പുതുക്കികാണുന്നില്ല. കാലാവധി പുതുക്കി നൽകാത്തതിനാൽ പദ്ധതികൾ എത്ര കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുമെന്ന് വ്യക്തതയില്ല. നിലവിൽ 34 പദ്ധതികൾ ആരംഭിച്ചതിൽ 27 പദ്ധതികൾ പൂർത്തീകരിച്ച് 25 എണ്ണം കമ്മീഷൻ ചെയ്തു. ഇവയിൽ 19 എണ്ണം ഫൈനൽ ഓഡിറ്റ് കഴിഞ്ഞവയും 8 എണ്ണം ഫൈനൽ ഓഡിറ്റ് കഴിയാത്തവയുമാണ്. നിലവിൽ പണി നടന്നുകൊണ്ടിരിക്കുന്ന 7 പദ്ധതികളുണ്ട്. ആയതിൻെറ നിലവിലെ സ്ഥിതി താഴെ കൊടുക്കുന്നു. നാല് ബെനിഫിഷറി ഗ്രൂപ്പുകൾ കൂടി പണം അടവാക്കേണ്ടതുണ്ട്.

| ക്രമനം | സമിതിയുടെ പേര് | സമിതി നൽകേണ്ട തുക | സമിതി അടവാക്കിയ തുക | ബാലൻസ് |
|---|---|---|---|---|
| 01 | കാക്കോറമ്മൽ | 198000 | 100000 | 98000 |

| | | | | |
|---|---|---|---|---|
| 02 | മേലേടത്ത് | 210000 | 107000 | 103000 |
| 03 | കരുവാണ്ടി | 252000 | 245000 | 7000 |
| 04 | കപ്പള്ളിത്തറമ്മൽ | 200000 | 138000 | 62000 |

നിലവിൽ പണി നടന്നു കൊണ്ടിരിക്കുന്ന 7 പദ്ധതികളുടെ സ്ഥിതി വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | പ്രോജക്ടിൻെറ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| 01 | ബാങ്ക് ഏരിയ | ജലവിതരണം തുടങ്ങിയെങ്കിലും ജലത്തിൻെറ ക്വാളിറ്റി പ്രശ്നം കാരണം ജലവിതരണം നിർത്തിവെച്ചു. സെഡിമെൻഡ്രേഷൻ ടാങ്ക് നിർമ്മിക്കാൻ തീരുമാനിച്ചു. |
| 02 | കക്കോറമ്മൽ | ജിയോളജിക്കൽ ടെസ്റ്റ് ചെയ്ത് 3മീറ്റർ താഴ്ത്തിയാൽ ആവശ്യമായ വെള്ളം ലഭിക്കും എന്ന് റിപ്പോർട്ട് വന്നതിൻെറ അടിസ്ഥാനത്തിൽ പണി നടത്തിയപ്പോൾ ഹാർഡ്റോക്ക് കണ്ടെത്തിയതിനെ തുടർന്ന് പുതിയ സ്ഥലം കണ്ടെത്തി പണിപുരോഗമിക്കുന്നു. |
| 03 | മേലേടത്ത് | 75%ത്തോളം കിണർ വർക്ക് കഴിഞ്ഞു.ടാങ്ക് നിർമ്മാണം പൂർത്തികരിച്ചു. |

| | | |
|---|---|---|
| 04 | കരുവൻണ്ടി | ബെനിഫിഷറി ഗ്രൂപ്പ് വിഹിതം പൂർത്തിയായില്ല. ഫയൽ കെ.എസ്.ഇ.ബിയിൽ |
| 05 | കപ്പല്ലിതറമ്മൽ | 75%ത്തോളം വർക്ക് കഴിഞ്ഞു. |
| 06 | തോലേരി | ഫയൽ കെ.എസ്.ഇ.ബിയിൽ ,എസ്റ്റിമേറ്റ് നടപടികൾ പൂർത്തീകരിച്ചിട്ടില്ല. |
| 07 | പുനത്തിൽ മീത്തൽ | നിലവിൽ ജലവിതരണം ചെയ്യുന്നുണ്ടെങ്കിലും ടാങ്കിന് ചോർച്ച വന്നതിനാൽ പുതിയ ടാങ്ക് നിർമ്മിക്കണം. |

പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതു വഴി ജലവിതരണം നടത്തുന്നതിന് വേണ്ട സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 എം.ജി.എൻ.ആർ.ഇ.ജി.എസ്.-അവലോകനം

ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷം 260 പ്രവൃത്തികളാണ് തൊഴിലുറപ്പ് മഖേന നിർവഹിക്കാൻ ലക്ഷ്യമിട്ടത് എന്ന് ആക്ഷൻ പ്ലാൻ പരിശോധിച്ചതിൽ നിന്ന് വ്യക്തമാവുന്നു. ഇതിൽ 34 മെറ്റീരിയൽ വർക്കുകളും ഉൾപ്പെടുന്നു. പിന്നീട് 19.04.2017ലെ 2(1) തീരുമാന പ്രകാരം 34 മെറ്റീരിയൽ വർക്കുകളെ 12 വർക്കുകളായി ഭേദഗതി ചെയ്തു. ഉയർന്ന ലക്ഷ്യം നേടുന്നതിന് ആക്ഷൻപ്ലാൻ തയ്യാറാക്കി 97% ഭൗതിക ലക്ഷ്യം കൈവരിക്കാനായി. ആക്ഷൻ പ്ലാൻ പ്രകാരം ലക്ഷ്യം വെച്ചതിൽ സാങ്കേതിക അനുമതി ലഭിച്ച 183 പ്രൊജക്ടുകളിൽ 179 പ്രൊജക്ടുകളാണ് പൂർത്തിയാക്കാനായത്. ഒരു അക്രഡിറ്റഡ് എഞ്ചിനീയറും, 1 ഓവർസിയറും, 2ഡാറ്റാ എൻട്രി ഓപ്പറേറ്ററും ആണ് തൊഴിലുറപ്പ് സെക്ഷനിൽ നിലവിലുള്ളത്. 100 ദിനം പൂർത്തിയാക്കിയവർ 20 കുടുബങ്ങൾ മാത്രമാണ്.

| | |
|---|---|
| 2017-18 വർഷത്തെ മൊത്തം അടങ്കൽ | 38500000 |

| | | | |
|---|---|---|---|
| 2017-18 വർഷത്തെ വർഷത്തെ മുൻബാക്കി | 18000 | | |
| 2017-18 വർഷത്തെ ആകെ വരവ് | 23972000 | | |
| 2017-18 വർഷത്തെ ആകെ ചെലവ് | 23988814 | | |
| 2017-18 വർഷത്തെ വർഷത്തെ വർഷാന്ത്യ നീക്കിയിരിപ്പ് | 3186 | | |
| 2017-18 വർഷത്തിൽ വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | ആരംഭിച്ച പദ്ധതികളുടെ എണ്ണം | പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | സ്പിൽ ഓവർ പദ്ധതികളുടെ എണ്ണം |
| ആക്ഷൻപ്ളാൻ പ്രകാരം | 179 | 177 | 02 |
| മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം വിതരണം ചെയ്ത തൊഴിൽ കാർഡുകളുടെ എണ്ണം | 305 | | |

| | |
|---|---|
| | |
| 2017-18 വർഷത്തിൽ സൃഷ്ടിച്ച തൊഴിൽദിനങ്ങൾ | 86999 |
| പട്ടികജാതി | 1354 |
| പട്ടികവർഗ്ഗം | --- |
| മറ്റുള്ളവർ | 85645 |
| ആകെ | 86999 |
| സ്ത്രീകൾ | 83885 |
| പുരുഷന്മാർ | 3114 |
| 2017-18 വർഷത്തിൽ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങളുടെ എണ്ണം | 20 |
| മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2017-18 വർഷത്തിൽ തൊഴിൽരഹിത | വിതരണം ചെയ്തിട്ടില്ല. |

| | |
|---|---|
| വേതനം വിതരണം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം | |
| മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2017-18 വർഷത്തിൽ വിതരണം ചെയ്ത വേതനം | 22848814 |

തൊഴിലുറപ്പ് പദ്ധതി വിവരങ്ങൾ 2017-18

| | എസ്.സി | എസ്.ടി | ജനറൽ | ആകെ |
|---|---|---|---|---|
| രജിസ്ട്രേഷൻ | 54 | -- | 251 | 305 |
| ആകെ തൊഴിലാളികൾ | 54 | -- | 3999 | 4053 |
| സൃഷ്ടിച്ച തെഴിൽ ദിനങ്ങൾ | 1354 | -- | 85645 | 86999 |
| 100 ദിനം പൂർത്തിയാക്കിയവർ | -- | -- | 20 | 20 |
| ചെലവഴിച്ച തുക | കൂലിയിനം | മെറ്റീരിയൽ | ഭരണ ചെലവ് | ആകെ |
| | 22848814 | 193000 | 947000 | 23988814 |

| ഏറ്റെടുത്ത പ്രവർത്തിയുടെ വിവരങ്ങൾ ഇനം തിരിച്ച് | ആരംഭിച്ചവ | പൂർത്തിയായവ | തുടരുന്നവ |
|---|---|---|---|
| കനാൽപുനരുദ്ധാരണം | 12 | 12 | -- |
| കുളം നിർമ്മാണം | 04 | 04 | -- |
| കംപോസ്റ്റ് നിർമ്മാണം | 01 | 01 | -- |
| തോട് സംരക്ഷണം | 28 | 28 | |
| കക്കൂസ് നിർമ്മാണം | 04 | 04 | -- |
| ഭവന നിർമ്മാണം | 01 | 32 (2016-17 ലെ സ്പിൽഓവർ) | 02 (2016-17 ലെ സ്പിൽഓവർ) |
| വൃക്ഷ തൈ നടൽ (50എണ്ണം) | 1 | 1 | - |
| റോഡ് | 02 | 02 | -- |

| | | | |
|---|---|---|---|
| കോൺക്രീറ്റിംഗ് | | | |
| ഫുട്പാത്ത് നിർമ്മാണം | 04 | 04 | -- |
| നഴ്സറി നിർമ്മാണം | 02 | -- | 02 |
| ഭൂവികസന പ്രവർത്തനങ്ങൾ | 23 | 23 | -- |
| മണ്ണ് ജല സംരക്ഷണം | 92 | 92 | -- |
| റോഡ്സോളിംഗ് | 05 | 05 | -- |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 400000 | 167/18 കിണർ റീചാർജിംഗ് | 38000 | 362000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 700000 | പാലിന് സബ്സിഡി | 698254 | 1746 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 400000 | 167/18 കിണർ റീചാർജിംഗ് | 38000 | 362000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 63750 | 162/18 നെൽകൃഷി വികസനം | 44965 | 18785 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 63750 | 162/18 നെൽകൃഷി വികസനം | 44965 | 18785 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 170000 | 161/18 പച്ചക്കറി കൃഷി വികസനം | 45220 | 124780 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 87500 | 61/18 പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് സ്കോളർഷിപ്പ് | 87500 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 87500 | 61/18 പ്രത്യേക പരിഗണന അർഹിക്കു | 43750 | 43750 |

| | | | | | |
|---|---|---|---|---|---|
| | | | ന്നവർക്ക് സ്കോളർഷിപ്പ് | | |
| ജില്ലാ പഞ്ചായത്ത് | 2017-18 | 340000 | 54/18 ക്ഷീര ഗ്രാമം (വനിത) | 340000 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന | സി.3309/08 തീയതി 31.12.2009 | | 198976 | 198976 | | 0 |

| | | | | | | |
|---|---|---|---|---|---|---|
| പദ്ധതി | ജില്ലാ കളക്ടർ കോഴിക്കോട് | | | | | |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1122444 |
| തൻവർഷം നിക്ഷേപിച്ച തുക | 89098 |
| ആകെ | 1211542 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1211542 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കെ.ഡി.സി ഓർക്കാട്ടേരി | 191944 |
| കെ.ജി.ബി പുറമേരി | 1019598 |
| ആകെ | 1211542 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 96 രൂപയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1996-97 | 3-12 | 96 | ശ്രീമതി വിനീത.കെ.എൻ ക്ലാർക്ക് | 11701101799/ 21.08.2017 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | ലഭ്യമല്ല | 1999 | 46 | വളം വില അധികം നൽകിയത് തിരിച്ചടച്ചില്ല | ഭാവിയിൽ വീഴ്ച ഒഴിവാക്കുന്നതിനും നിജസ്ഥിതി ഓഡിറ്റിനെ ബോധ്യപ്പെടുത്താനും ശുപാർശ ചെയ്തു |
| 1999-00 | ലഭ്യമല്ല | 2003-04 | 11.14. മറ്റ് പരാമർശങ്ങൾ | 1.തെങ്ങിൻ തടം പുതയിടൽ – ജൈവ വള വിതരണം | |

| | | | | | |
|---|---|---|---|---|---|
| | | | | 2.പെരുമുണ്ടശ്ശേരി റോഡ് പ്രവർത്തി | |
| 2000-01 | രേഖപ്പെടുത്തിയില്ല | 2003-04 | 11.14 മറ്റ് പരാമർശങ്ങൾ | പുതിയേടത്ത് മീത്തൽ ജലസേചനപദ്ധതി | |
| 2001-02 | 1.2(7) | 2005-06 | 2.70.1.2.5 | രജിസ്റ്ററുകൾ , സൂക്ഷിക്കുന്നില്ല. | |
| 2002-03 | 3.6 | 2005-06 | 70.5 | ലക്ഷം വീട് വൈദ്യുതീകരണവും, തെരുവ് വിളക്ക് സ്ഥാപിക്കലും | പരിശോധിക്കാൻ സാധിച്ചില്ല |
| 2002-03 | ഭാഗം 1 | 2005-06 | 2.70.1.11.21 | ഡെപ്പോസിറ്റ് രജിസ്റ്റർ, കെട്ടിട നികുതി അസസ്മെന്റ് രജിസ്റ്റർ, ഗ്രാന്റ് അപ്രോപ്രിയേഷൻ രജിസ്റ്റർ ശരിയായി സൂക്ഷിക്കുന്നില്ല, ഗ്രാമ സഭകളുടെ സംഘാടനം തൃപ്തികരമല്ല | എൽ.എഫ്. എ.സി 2014-16(51) ഖ.5 പ്രകാരം ഒഴിവാക്കാൻ ശുപാർശ ചെയ്തു |

| | | | | | |
|---|---|---|---|---|---|
| 2002-03 | 1.5 | 2005-06 | 2.70.1.12.3 | ഗ്രാമസഭ നിയമലംഘനം- സമയപരിധി പാലിച്ചില്ല, ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭകളിൽ ചർച്ച ചെയ്യുന്നില്ല | എൽ.എഫ്. എ.സി 2014-16(51) ഖ.5 പ്രകാരം ഒഴിവാക്കാൻ ശുപാർശ ചെയ്തു |
| 2001-02 | രേഖപ്പെടുത്തിയില്ല | 2005-06 | 2.70.1.17.16 | നികുതി പിരിക്കുന്നതിലെ അലംഭാവം- കുടിശ്ശിക വർദ്ധിക്കുന്നു | എൽ.എഫ്. എ.സി 2014-16(51) ഖ.5 പ്രകാരം ഒഴിവാക്കാൻ ശുപാർശ ചെയ്തു |
| 2015-16 | 3-9 | 2016-17 | 6(എ)1.4. | ആശ്രയ വീടിന് സ്ഥലം | |
| 2015-16 | 3-9 | 2016-17 | 6(എ)1.9. | വീട് ആവശ്യമുള്ളവർ | |
| 2015-16 | 3-9 | 2016-17 | 6(എ).2.6. | വീട് റിപ്പയർ | |
| 2015-16 | 3-9 | 2016-17 | 6(എ)3.3. | കുടിവെള്ളം | |
| 2014-15 | 2-2 | 2016-17 | അനുബന്ധം–4 | തൊഴിൽ നികുതി അപാതകതകൾ | |
| 2015-16 | 2-5 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി അപാകതകൾ | |

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)തീർപ്പാക്കാൻ ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തര വാദി യായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| | | | ഇല്ല | | | | | | | | | |

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 99-00 | 34 | ശ്രീ.അജിത്ത് കുമാർ.എ.കെ വി.ഇ.ഒ | എൽ.എഫ്. 5733/ spl.cell Sc5/03 10.11.04 | 2000 | ഇല്ല | ഇല്ല | - | - | - | 2000 | - |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 95631408 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 85413117 |
| വരവിനങ്ങളിലുള്ള നഷ്ടം | 17548 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 768254 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3 | (1)2061 | | (1)ശ്രീ രാജൻ ടി<br>സെക്രട്ടറി<br>അയിരൂർ |

| | | | |
|---|---|---|---|
| | | | ഗ്രാമപഞ്ചായത്ത്<br>അയിരൂർ സൌത്ത് പത്തനംതിട്ട |
| | (2)13501 | | (2)ശ്രീ. ചന്ദ്രൻ കെ<br>അസിസ്റ്റന്റ് സെക്രട്ടറി പുറമേരി ഗ്രാമപഞ്ചായത്ത് |
| | (3)1896 | | (3)ശ്രീ.പി.ടി പ്രസാദ് സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 768254 | ഡോ.അമ്പിളി നാരായണൻ<br>വെറ്റിനറി സർജൻ -വെറ്റിനറി ഡിസ്പെൻസറി പുറമേരി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| (1) ശ്രീ രാജൻ ടി<br>സെക്രട്ടറി അയിരൂർ ഗ്രാമപഞ്ചായത്ത്<br>അയിരൂർ സൌത്ത്<br>പത്തനംതിട്ട | (1) സെക്രട്ടറി അയിരൂർ ഗ്രാമപഞ്ചായത്ത്<br>അയിരൂർ സൌത്ത്<br>പത്തനംതിട്ട | (1) മാവില വടക്കയിൽ (വീട്)<br>താഴത്ത് വടക്ക് (പി.ഒ)<br>ഏനാത്ത് (വഴി) കൊല്ലം(ജില്ല)-691526 |
| (2)ശ്രീ. ചന്ദ്രൻ കെ<br>അസിസ്റ്റന്റ് സെക്രട്ടറി<br>പുറമേരി ഗ്രാമപഞ്ചായത്ത് | (2)അസിസ്റ്റന്റ് സെക്രട്ടറി<br>പുറമേരി ഗ്രാമപഞ്ചായത്ത് | (2)കുന്നോത്ത് (വീട്) ഓർക്കാട്ടേരി (പി.ഒ) |
| (3)ശ്രീ.പി.ടി പ്രസാദ് സെക്രട്ടറി | (3)സീനിയർ സൂപ്രണ്ട്,<br>ജില്ലാ പഞ്ചായത്ത് കോഴിക്കോട് | (3)മിഥില(വീട്) ചോമ്പാല പി.ഒ) |
| ഡോ.അമ്പിളി നാരായണൻ<br>വെറ്റിനറി സർജൻ – വെറ്റിനറി | വെറ്റിനറി സർജൻ – വെറ്റിനറി ഡിസ്പെൻസറി പുറമേരി | പുതിയോട്ടിൽ ഹൌസ് മുട്ടുങ്ങൽ വെസ്റ്റ് പി.ഒ വടകര |

| | | |
|---|---|---|
| ഡിസ്‌പെൻസറി പുറമേരി | | |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്./കെ.കെ.ഡി/പി5/ 665/ 09/ തി.31.03.2010 | 7 | 30,33(3),37,39, 40,46,47 |
| 1997-98 | എൽ.എഫ്.എസ്.2/1124/ 98/11.12.2000 | 3 | 8,9,11 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി/പി5/ 1418/08/തി.10.05.18 | 18 | 32,33,34,35, 36,37,38,39, 40,41,42,43,44, 45,46,47,48,49 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി/പി5/ 1584/03/ തി.15.03.2004 | 8 | 22,23,24,25, 26,28,31,34 |
| 2000-01 | കെ.എസ്.എ/കെ.കെ.ഡി/പി8/ 564/ 2006/തി.10.05.18 | 2 | 2-1,2-2 |

| | | | |
|---|---|---|---|
| 2001-02 പ്ലാൻ | എൽ.എഫ്/കെ.കെ.ഡി.എസ്3/ 800/ 2017/തി.19.01.2014 | 3 | 3-2,3-3,3-4 |
| 2002-03 | എൽ.എഫ്/കെ.കെ.ഡി.പി8/ 544/06 തി.10.05.2007 | 4 | 2-2,3-3,3-6, 3-9 |
| 2003-04 | എൽ.എഫ്/കെ.കെ.ഡി.പി5/ 1016/08 തി.6.11.08 | 5 | 2-3,2-4,3-2, 3-3,3-4 |
| 2004-05 | എൽ.എഫ്/കെ.കെ.ഡി.എസ്1/ 1255/07 തി.05.04.08 | 13 | 2-1 മുതൽ 2-5 വരെ, 3-1 മുതൽ 3-8 വരെ |
| 2005-06 | എൽ.എഫ്/കെ.കെ.ഡി.പി5/ 878/09 തി.09.09.09 | 12 | 3-2,3-5,3-7,3-10, 3-11,3-12, 3-13,3-14,3-16, 3-17,3-18,3-19 |
| 2006-07 | എൽ.എഫ്/കെ.കെ.ഡി.പി5/ 755/10തി.30..4.10 | 12 | 2-2,2-3,3-1,3-2, 3-3(3,4),3-6, 3-7,3-8,3-10,3-11, 3-12,3-13 |
| 2007-08 | എൽ.എഫ്/കെ.കെ.ഡി.പി5/ 1613/11 തി.12.01.12 | 10 | 2-1,2-4,3-1,3-2, 3-5,3-6, 3-7,3-8, 3-9,3-10 |

| | | | |
|---|---|---|---|
| 2008-09 | എൽ.എഫ്/കെ.കെ.ഡി.പി11/ 89/12/ തി.21.06.12 | 6 | 3-2,3-3,3-5,3-6, 3-7,3-10 |
| 2009-10& 2010-11 | എൽ.എഫ്/കെ.കെ.ഡി.പി11/ 396/13/ തി.25.04.13 | 16 | 2-1,2-3,2-4,3-1, 3-2,3-3,3-4,3-5, 3-6,3-7,3-8,3-9, 3-10,3-11,3-13, 4-6 |
| 2011-12& 2012-13 | കെ.എസ്.എ.കെ.കെ.ഡി.പി11/ 388/ 15/തി.06.04.15 | 11 | 2-1,2-3,3-1,3-2, 3-4,3-5,3-6, 3-7, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15 |
| 2013-14& 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി11/ 419/ 16/തി.03.02.16 | 28 | 2-1,2-2,2-3,3-1,3-2, 3-4,3-5(4,6), 3-6(1)(2), 3-7, 3-8, 3-9, 3-10, 3-11, 3-13, 3-14, 3-16, 3-17, 3-18, 3-19, 3-21, 3-22, 3-24, 3-25, 3-27, 3-28 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി11/ 2302/ 2016/തി.12.01.17 | 23 | 2-1,2-3,2-4, 2-5,3-1മുതൽ 3-7വരെ,3-11മുതൽ |

| | | | |
|---|---|---|---|
| | | | 3-21വരെ |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി11/ 1524/17 തീ.03.01.18 | 14 | 2-1,2-8,3-1,3-2, 3-3,3-4,3-5,3-6, 3-7,3-8,3-10,3-12, 3-13,3-14, |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
കോഴിക്കോട്

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.കെ.കെ.ഡി.പി11/ 2713/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഫോൺ-0495 2371012
ഇ-മെയിൽ:dokkd.ksad@kerala.gov.in
തീയ്യതി:30.01.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പുറമേരി ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
കോഴിക്കോട്